I ഇ.ബി. XII - കേരള നിയമസഭ/XVII-12

# പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

## നിയമസഭാ നടപടികൾ–സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഫെബ്രുവരി 23, ബുധൻ

നിയമസഭ രാവിലെ **8.30**-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിര പ്രമേയം**

സ്വകാര്യ ചന്ദന ഫാക്ടറി ഉടമകളിൽനിന്നും
കോഴ വാങ്ങിയതായുള്ള വെളിപ്പെടുത്തൽ

മി. സ്പീക്കർ: ചന്ദന ഫാക്ടറി ഉടമകളിൽനിന്നും അന്നത്തെ പ്രതിപക്ഷ നേതാവും ഇപ്പോഴത്തെ മുഖ്യമന്ത്രിയുമായ ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ മകൻ ശ്രീ. അരുൺകുമാർ ഏഴ് ലക്ഷം രൂപ കോഴ വാങ്ങി പിതാവായ പ്രതിപക്ഷ നേതാവിന്റെ സ്വാധീനത്തിൽ ചന്ദന ഫാക്ടറികൾ അടച്ചുപൂട്ടിക്കുന്ന നീക്കത്തിൽനിന്നും പിന്തിരിപ്പിച്ചുവെന്നുള്ള കാസർഗോഡ് സ്വദേശി ഖാദർ പാലോത്തിന്റെ വെളിപ്പെടുത്തലുകളെത്തുടർന്നുണ്ടായ സ്ഥിതി വിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കെ.ബാബു, സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ.പി. മോഹനൻ, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): അടിയന്തിരപ്രമേയവുമായി ബന്ധപ്പെട്ട ആരോപണങ്ങൾ നിഷേധിക്കുന്നു. കാസർഗോഡുള്ള ഖാദർ പാലോത്ത് എന്ന വ്യക്തിയെക്കൊണ്ട് അടിസ്ഥാനരഹിതമായ ആരോപണങ്ങൾ സ്വകാര്യ ചാനലിൽ ഉന്നയിച്ച് സർക്കാരിനെ അപകീർത്തിപ്പെടുത്താനുള്ള ശ്രമങ്ങൾ അപലപനീയമാണ്. ഈ സർക്കാരിന്റെ കാലത്ത് ചന്ദനമാഫിയകളേയും ചന്ദനക്കൊള്ളക്കാരേയും നിലയ്ക്കുനിർത്താൻ കഴിഞ്ഞുവെന്നുള്ളതിൽ അഭിമാനമുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ചന്ദനമാഫിയയ്ക്കുവേണ്ടി പ്രവർത്തിച്ചവരിൽ പ്രധാനി അന്നത്തെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയായിരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. അരുൺകുമാർ തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ കഴിഞ്ഞ സർക്കാർ അന്വേഷിച്ച് നടപടി എടുക്കാത്തതിന്റെ കാരണം വ്യക്തമാക്കണം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടത്തിയ മാഫിയ പ്രവർത്തനങ്ങളുടെ വിവരണങ്ങൾ സർക്കാരിനു ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട് ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. കെ. ബാബു: 2003 മുതൽ ചന്ദന ഫാക്ടറികൾ അടച്ചുപൂട്ടിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അന്നത്തെ പ്രതിപക്ഷനേതാവായ ഇന്നത്തെ മുഖ്യമന്ത്രി കേരളത്തിലങ്ങോളമിങ്ങോളം പ്രചാരണങ്ങളും പ്രക്ഷോഭങ്ങളും നടത്തിക്കൊണ്ടിരുന്നുവെന്നു മാത്രമല്ല ഈ വിഷയം സഭയിലും ഉന്നയിക്കുകയുണ്ടായി. അത്തരം പ്രവൃത്തികളിൽനിന്നും അദ്ദേഹത്തെ പിന്തിരിപ്പിക്കുവാനായി ചന്ദന ഫാക്ടറി ഉടമകൾ ശ്രമിച്ചതിന്റെ ഫലമായി ശ്രീ. അരുൺകുമാറുമായി ബന്ധപ്പെട്ട് ഏഴ് ലക്ഷം രൂപ കോഴ നൽകിയെന്ന് ചന്ദന ഫാക്ടറി

ഉടമകളുടെ ഇടനിലക്കാരനായ ഖാദർ പാലോത്ത് ഒരു സ്വകാര്യ ചാനലിൽ വെളിപ്പെടുത്തിയിരിക്കുന്നതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തണം. പ്രസ്തുത വിഷയം കൈകാര്യം ചെയ്യാനായി ചന്ദന ഫാക്ടറി ഉടമകളുമായി ചർച്ചചെയ്ത് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ 2003 ജൂലൈ മാസം ഏഴാം തീയതി നിയമസഭയിൽ വനം വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ ചന്ദന ഫാക്ടറികൾക്കെതിരായ നിലപാട് ശ്രീ. വി.എസ്. അച്ചുതാനന്ദൻ എടുത്തതായി നിയമസഭാ രേഖകളിൽ കാണുന്നില്ല. ഇതിന്റെ കാരണം വ്യക്തമാക്കണം. ഇത്തരം വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) 7-7-2003-ൽ വനംവകുപ്പിന്റെ ഡിമാന്റ് ചർച്ചയിൽ നടത്തിയ പ്രസംഗത്തിൽ ഒലവക്കോട്ടും മറയൂരിലും നടന്ന ചന്ദനക്കൊള്ളയെ സംബന്ധിച്ച് വിശദമായി പറഞ്ഞിട്ടുണ്ട്. അടിസ്ഥാനരഹിതമായി ആരോപണങ്ങൾ ഉന്നയിക്കുന്നത് ശരിയല്ല. യു.ഡി.എഫ്. ഭരണകാലത്ത് അഴിമതി നടത്തിയതായി മകനെക്കുറിച്ച് ആക്ഷേപമുണ്ടായിരുന്നുവെങ്കിൽ അന്ന് അന്വേഷിക്കണമായിരുന്നു. അടിയന്തിരപ്രമേയം അടിസ്ഥാനരഹിതമായതിനാൽ ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ. എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം

സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ

### (1) വായു-ജല മലിനീകരണ പ്രശ്നങ്ങൾക്ക് പ്രതിവിധി

ശ്രീ. സാജു പോൾ : സംസ്ഥാനത്തെ രൂക്ഷമായ വായു-ജല മലിനീകരണ പ്രശ്നങ്ങൾക്കും ഖര, ദ്രവ, ബയോമെഡിക്കൽ, ഇ-വേസ്റ്റുകളുടെ സംസ്ക്കരണത്തിനും അടിയന്തിര നടപടികൾ സ്വീകരിക്കണം. വിജനമായ സ്ഥലങ്ങളിലും പാലങ്ങളുടെ സമീപങ്ങളിലും വഴിയോരങ്ങളിലുമെല്ലാം കാണുന്ന മാലിന്യക്കൂമ്പാരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുപോലും നശിപ്പിക്കാൻ കഴിയാത്ത സ്ഥിതിയാണ്. പരിമിതമായ വിഭവസൗകര്യവും പശ്ചാത്തലസൗകര്യവുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളെ മാത്രം മാലിന്യസംസ്ക്കരണം എൽപ്പിക്കുന്ന രീതി മാറ്റണം. വിജനമായ സ്ഥലങ്ങളിലടക്കം മലിനവസ്തുക്കളും മാംസാവശിഷ്ടങ്ങളും അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കണം. മത്സ്യം ചീത്തയാകാതെ സൂക്ഷിക്കുന്നതിനും പഴം, പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും രാസപദാർത്ഥങ്ങളും മറ്റ് കൃത്രിമമാർഗ്ഗങ്ങളും ഉപയോഗിക്കുന്നത് തടയണം. ബോംബെ പോലുള്ള സിറ്റികളിൽ ഒരുദിവസം നടത്തുന്ന മാലിന്യ സംസ്ക്കരണം കൊച്ചി പോലുള്ള നഗരങ്ങളിൽ ഒരുമാസംകൊണ്ടാണ് ചെയ്യുന്നതെന്നാണ് പഠനങ്ങളിൽ നിന്ന് മനസ്സിലാകുന്നത്. നഗരങ്ങളിലെ സ്വിവറേജ് സിസ്റ്റം ഫലപ്രദമാക്കണം. ബയോമെഡിക്കൽ വേസ്റ്റ്, ഇലക്ട്രോണിക് വേസ്റ്റ്, സ്ലോട്ടർ ഹൗസിലെ വേസ്റ്റ് എന്നിവ നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടി

സ്വീകരിക്കണം. ഉത്ഭവ സ്ഥാനങ്ങളിൽത്തന്നെ മാലിന്യങ്ങൾ വേർതിരിച്ച് സംസ്ക്കരിക്കുന്നതിന് സംവിധാനമുണ്ടാക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പോലീസുൾപ്പെടെയുള്ള ഉദ്യോഗസ്ഥ സംവിധാനം, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ക്ലീൻ കേരള മിഷൻ തുടങ്ങിയവയുടെ പ്രവർത്തനം ഫലപ്രദമാക്കണം. അനധികൃതമായ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിനും വിജനമായ സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): വൻകിട-ഇടത്തരം വ്യവസായങ്ങളിൽ പാഴ്ജല, മലിനവായു ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വലിയ സ്വകാര്യ ആശുപത്രികളിൽ മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. 2000-ത്തിലെ മുനിസിപ്പൽ ഖരമാലിന്യ പരിപാലന നിയമമനുസരിച്ച് എല്ലാ നഗരസഭകളും 160 ഗ്രാമ പഞ്ചായത്തുകളും ഇതിനകംതന്നെ മാലിന്യസംസ്ക്കരണ പദ്ധതികൾക്ക് അംഗീകാരം നേടിയിട്ടുണ്ട്. 27 നഗരസഭകളിൽ ഖരമാലിന്യസംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിച്ചുകഴിഞ്ഞു. 26 സ്ഥലങ്ങളിൽ പണി നടന്നുവരുന്നു. 5 കോർപ്പറേഷനുകളിലും ഖരമാലിന്യ സംസ്ക്കരണ സംവിധാനം നിലവിലുണ്ട്. 11 ഗ്രാമ പഞ്ചായത്തുകളിൽ മാത്രമേ പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തിക്കാൻ സാധിച്ചിട്ടുള്ളൂ. സ്രോതസ്സുകളിൽത്തന്നെ സംസ്ക്കരിച്ച് മാലിന്യ സംസ്ക്കരണം ഫലപ്രദമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 150 സർക്കാർ ആശുപത്രികളുൾപ്പെടെ കേരളത്തിലെ 2681 സ്ഥാപനങ്ങളിലെ ബയോ മെഡിക്കൽ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന്റെ മേൽനോട്ടത്തിൽ പാലക്കാട്ട് ഒരു മാലിന്യ

സംസ്ക്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ആരോഗ്യ പരിപാലന സ്ഥാപനങ്ങളിലും നിയമപ്രകാരമുള്ള മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ശ്രമം മലിനീകരണ നിയന്ത്രണ ബോർഡ് നടത്തുന്നുണ്ട്. ഇലക്ട്രോണിക് വ്യവസായങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഹസാർഡുവസ് വേസ്റ്റ് മാനേജ്മെന്റ് റൂൾസനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഇ-വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാന്റ്ലിംഗ് റൂൾസ് പ്രാബല്യത്തിൽ വന്നുകഴിഞ്ഞാൽ ഇ-മാലിന്യങ്ങൾക്ക് മതിയായ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ കഴിയും. പട്ടണത്തിലെ മാലിന്യങ്ങൾ മുഴുവൻ ഒരുസ്ഥലത്ത് ശേഖരിച്ച് സംസ്ക്കരിക്കുക എന്നുള്ളത് പ്രായോഗികമല്ലാത്തതുകൊണ്ട് അതാത് പ്രദേശത്ത് വികേന്ദ്രീകരിച്ച് സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം നടപ്പാക്കുന്നുണ്ട്. അത് ലംഘിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(2) <u>വർദ്ധിച്ചുവരുന്ന ആത്മഹത്യ</u>

<u>ശ്രീ. സി.പി. മുഹമ്മദ്</u>: ആത്മഹത്യയും മദ്യ ഉപയോഗവും വാഹനാപകടവും കേരളത്തിൽ വർദ്ധിച്ചിരിക്കുകയാണ്. മഹാരോഗങ്ങളും ദാരിദ്ര്യവും പരീക്ഷാപരാജയവും അപമാനഭീതിയും ഋണഭാരവും കുടുംബത്തകർച്ചയും സ്നേഹശൂന്യതയും പ്രിയജനവിരഹവും അപരിഹാര്യമായ പ്രശ്നങ്ങളായിത്തീർന്നിട്ടുണ്ട്. 90 ശതമാനം ആത്മഹത്യയും നടക്കുന്നത് അണുകുടുംബങ്ങളിലാണ്. പരീക്ഷാ പരാജയവും പ്രേമബന്ധവും കുട്ടികളുടെ ആത്മഹത്യക്ക് കാരണമാകുന്നുണ്ട്. മദ്യപാനം കൊണ്ടുണ്ടാകുന്ന കുടുംബത്തകർച്ചയും വളരെ പ്രധാനമാണ്. ബോധവൽക്കരണം,

കൗൺസിലിംഗ്, മനോരോഗ ചികിൽസ എന്നിവയിലൂടെ ഇവയെ നിയന്ത്രിക്കണം. സ്കൂളുകളിൽ ആവശ്യമായ കൗൺസിലിംഗ് സംവിധാനവും സാന്ത്വന ചികിൽസാ സംവിധാനവും ഏർപ്പെടുത്തണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സാമ്പത്തികത്തകർച്ച, ദാരിദ്ര്യം, പ്രതീക്ഷയ്ക്കനുസരിച്ച് ഉന്നതിയിൽ എത്തിച്ചേരാൻ കഴിയാത്തതിലുള്ള നിരാശ, കുടുംബഘടനയിൽ വന്നിട്ടുള്ള മാറ്റം എന്നിവയാണ് കേരളത്തിൽ ആത്മഹത്യകൾ വർദ്ധിക്കാനുള്ള പ്രധാന കാരണങ്ങൾ. പരമ്പരാഗതമായ ആശ്രയ, സാന്ത്വന സംവിധാനങ്ങൾ വളരെയേറെ ദുർബലപ്പെട്ടതും ഇതിന് മറ്റൊരു കാരണമാണ്. എന്നാൽ മുൻകാലങ്ങളെ അപേക്ഷിച്ച് ആത്മഹത്യാനിരക്ക് കുറഞ്ഞുവരുന്നതായി കാണാം. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൈക്ക്യാട്രി ഡിപ്പാർട്ടുമെന്റും കേരള സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റിയുമായി ചേർന്ന് സമഗ്ര ആത്മഹത്യാ പ്രതിരോധ പരിപാടി ആരംഭിച്ചിട്ടുണ്ട്. ആത്മഹത്യയുടെ പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്ന ശിൽപ്പശാലകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർ, ആരോഗ്യവകുപ്പ് ജീവനക്കാർ, വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകുന്നുണ്ട്. ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി അവെയർനസ്സ് ഓഫ് മെന്റൽ ഹെൽത്ത് പ്രൊമോഷൻ എന്ന സന്നദ്ധ സംഘടനയുടെ സഹകരണത്തോടെ ടെലിഫോൺ കൗൺസിലിംഗ് തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ നടത്തുന്നുണ്ട്. സ്കൂൾ/കോളേജ് വിദ്യാർത്ഥികളുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനും ആത്മഹത്യ

തടയുന്നതിനും വേണ്ടി എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്നതിനു മുമ്പും പിമ്പും നടത്തിവരുന്ന കൗൺസിലിംഗ് കൂടുതൽ വ്യാപകമാക്കാൻ ശ്രമിക്കുന്നതാണ്. ബഡ്ജറ്റിൽ സാന്ത്വന ചികിൽസയ്ക്കുവേണ്ടി പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്. ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം, തൃശൂർ, വയനാട്, ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിലും ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി കാസർഗോഡ്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ക്ലിനിക്കുകൾ നടത്തിവരുന്നുണ്ട്. അവബോധ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ജനകീയ പങ്കാളിത്തത്തോടെ ബോധവൽക്കരണ പരിപാടി കളും സംഘടിപ്പിച്ചുവരുന്നുണ്ട്.

## സബ്മിഷൻ

### (1) കേന്ദ്ര സർവ്വകലാശാലയുടെ കീഴിൽ ആരംഭിക്കുന്ന മെഡിക്കൽ കോളേജ്

ശ്രീ. സി.ടി. അഹമ്മദ് അലി: നിർദ്ദിഷ്ട കേന്ദ്ര സർവ്വകലാശാലയുടെ കീഴിൽ ആരംഭിക്കുന്ന മെഡിക്കൽ കോളേജ് കാസർഗോഡ് ജില്ലയിൽത്തന്നെ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കാസർഗോഡ് ജില്ലയിൽ പെരിയയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ 310 ഏക്കർ സ്ഥലം കേന്ദ്ര സർവ്വകലാശാലയ്ക്ക് അനുവദിക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചി രിക്കുകയാണ്. എന്നാൽ ഔപചാരികമായി കേന്ദ്ര സർവ്വകലാശാലയുടെ കീഴിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള ശുപാർശയോ അത് ജില്ലയ്ക്ക് കൊടുക്കുന്നതിനുള്ള നിർദ്ദേശമോ ഉന്നത വിദ്യാഭ്യാസവകുപ്പിന്

ലഭിച്ചിട്ടില്ല. എന്തെങ്കിലും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് വിഷയം പരിശോധിക്കുന്നതാണ്.

(2) വനംവകുപ്പ് ഉദ്യോഗസ്ഥർ പിടിച്ചെടുത്ത ഭൂമി

ശ്രീ.പി.കൃഷ്ണപ്രസാദ്: വയനാട് ജില്ലയിലെ കാഞ്ഞിരത്തിനാൽ ജോർജ്ജിന്റേയും സഹോദരൻ ജോസിന്റെയും ഭൂമി 2006-ലെ മന്ത്രിസഭാ തീരുമാനപ്രകാരം അവർക്ക് വിട്ടുകൊടുക്കാൻ തീരുമാനിച്ചിരുന്നു. വനംവകുപ്പിന്റെ രേഖപ്രകാരവും ഫോറസ്റ്റ് ട്രൈബ്യൂണലിന്റേയും ഹൈക്കോടതിയുടേയും വിധിപ്രകാരവും പ്രസ്തുത ഭൂമി വനഭൂമിയാണ്. 2007-ൽ നടന്ന പരിശോധനയിൽ രേഖകൾ കൃത്രിമമായി തയ്യാറാക്കിയതാണെന്ന് കണ്ടെത്തിയെങ്കിലും യഥാർത്ഥ വസ്തുതകൾ കണ്ടെത്തി ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കാൻ ഫോറസ്റ്റ് ഉദ്യോഗസ്ഥർ തയ്യാറായില്ല. ഈ സാഹചര്യത്തിൽ കൃത്രിമം കാണിച്ച വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും പ്രസ്തുത ഭൂമി വനഭൂമിയല്ല എന്ന് പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ സർക്കാരിന് നടപടികൾ സ്വീകരിക്കാൻ തൽക്കാലം നിർവ്വാഹമില്ല. പരാതിക്കാധാരമായ ഭൂമിയുടെ നിജസ്ഥിതി സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് അടിയന്തിര സന്ദേശം നൽകിയിട്ടുണ്ട്. സർക്കാർ തീരുമാനം നടപ്പിലാക്കാതിരിക്കുന്നതിനും തെറ്റായ രേഖകൾ നൽകിയ ഉദ്യോഗസ്ഥരുടെ പേരിൽ ഉത്തരവാദിത്തം നിശ്ചയിക്കുന്നതിനുമായി ചീഫ് സെക്രട്ടറിക്ക്

നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ തീരുമാനം നടപ്പിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

### (3) വൈദ്യുതാഘാതംമൂലമുള്ള മരണം

ശ്രീ. കെ. എം. മാണി: 17-02-2011-ന് വൈദ്യുതാഘാതമേറ്റ് മരിച്ച പാലാ മുനിസിപ്പാലിറ്റിയിലെ ളാലം പുത്തൻപള്ളി വികാരി ഫാ. മാത്യു തൊണ്ടൻപള്ളിയുടേയും ജോലിക്കാരി അച്ചാമ്മയുടേയും ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുകയും വൈദ്യുതാഘാതത്തിന്റെ കാരണത്തെ സംബന്ധിച്ച് അന്വേഷണം നടത്തുകയും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യണം.

പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ.ബാലൻ): 17-02-2011-ന് വൈദ്യുതാഘാതമേറ്റ് മരിച്ച പാലാ ളാലം പുത്തൻപള്ളി വികാരി ഫാ. മാത്യു തൊണ്ടൻപള്ളിയുടേയും ജോലിക്കാരി അച്ചാമ്മ ജോർജ്ജിന്റേയും ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകുകയും വൈദ്യുതാഘാതത്തിന്റെ കാരണത്തെ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

### (4) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. ആര്യാടൻ മുഹമ്മദ് : അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം ഏറ്റവും ചുരുങ്ങിയത് 5000 രൂപയാക്കി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം വർദ്ധിപ്പിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. അംഗൻവാടി വർക്കർമാർക്ക് 1438 രൂപ മുതൽ 1563 രൂപ വരെയും ഹെൽപ്പർമാർക്ക് 750 രൂപയുമാണ് കേന്ദ്ര സർക്കാർ നൽകുന്ന ഓണറേറിയം. അതിനുപുറമേ ഇവർക്ക് 550 രൂപ സംസ്ഥാന വിഹിതമായി നൽകുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ മുഖേന വർക്കർമാർക്ക് 150 രൂപയും ഹെൽപ്പർമാർക്ക് 75 രൂപയും അധിക ഓണറേറിയം നൽകുന്നുണ്ട്. സംസ്ഥാന സർക്കാർ നൽകി വരുന്ന ഓണറേറിയം 1000 രൂപയാക്കി ഉയർത്താൻ 2011-2012 ബഡ്ജറ്റിൽ 38.84 കോടി രൂപ നീക്കിവയ്ക്കുകയും അംഗൻവാടികളിൽ ആഹാരം പാചകം ചെയ്യുന്നവർക്ക് വിറക്, പച്ചക്കറി എന്നിവയ്ക്ക് ഒരു കുട്ടിക്ക് നൽകിയിരുന്ന 20 പൈസ 50 പൈസയാക്കി വർദ്ധിപ്പിക്കുകയും ചെയ്തി ട്ടുണ്ട്. വർക്കർ തസ്തികയിലേയ്ക്ക് 25 ശതമാനം തസ്തികകൾ ഹെൽപ്പർമാർക്കായും ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയി ലേയ്ക്ക് 29 ശതമാനം തസ്തികകൾ വർക്കർമാർക്കായും സംവരണം ചെയ്തിട്ടുണ്ട്.

(5) വർക്കല ശിവഗിരി പ്രദേശത്തെ യാത്രാക്ലേശം

ശ്രീ. വർക്കല കഹാർ : വർക്കല, ശിവഗിരി പ്രദേശത്തെ രൂക്ഷമായ യാത്രാക്ലേശം പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : ശിവഗിരിയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി

കെ.എസ്.ആർ.ടി.സി. 13 സർവ്വീസുകൾ കൂടുതലായി നടത്തുന്നുണ്ട്. ശിവഗിരി മഠം വഴി വർക്കലയ്ക്ക് ആറ്റിങ്ങൽ ഡിപ്പോയിൽനിന്നും ആറ് ട്രിപ്പുകളും കോട്ടയം, പാറശ്ശാല യൂണിറ്റുകളിൽനിന്നുള്ള സർവ്വീസുകളും നടത്തുണ്ട്. ആലുവയിൽനിന്ന് പുതിയ ഒരു സർവ്വീസ് ആരംഭിച്ചതിനുപുറമേ ചാത്തന്നൂർ, കൊട്ടാരക്കര, കൊല്ലം എന്നീ യൂണിറ്റുകളിൽനിന്നും വർക്കലയിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നുണ്ട്. മഠത്തിലേയ്ക്ക് പോകുന്ന തൊഴികെയുള്ള എല്ലാ സർവ്വീസുകളും പ്രധാന റോഡിൽക്കൂടിയാണ് സർവ്വീസ് നടത്തിവരുന്നത്. കൂടാതെ ഈ റൂട്ടിൽ പത്ത് സ്വകാര്യ ബസ് സർവ്വീസുകളും നടത്തുന്നുണ്ട്. ഈ പ്രദേശത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിനാവശ്യമായ കർശന നിർദ്ദേശം ആർ.ടി.ഒ-യ്ക്ക് നൽകുന്നതാണ്.

(6) മണ്ണട്ടാംപാറ റെഗുലേറ്ററിന്റെ ശോചനീയാവസ്ഥ

ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി : മലപ്പുറം, തിരൂരങ്ങാടി മൈനർ ഇറിഗേഷന്റെ കീഴിലുള്ള മണ്ണട്ടാംപാറ റെഗുലേറ്ററിന്റെ കാലപ്പഴക്കത്താൽ നശിച്ചുകൊണ്ടിരിക്കുന്ന ഷട്ടറുകൾ മാറ്റി പുതിയ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : മണ്ണട്ടാംപാറ വിയർ-കം-ലോക്കിന്റെ നിലവിലുള്ള ഷട്ടറുകൾ പൂർണ്ണമായും തുറക്കാനും അടയ്ക്കാനും പറ്റാത്ത അവസ്ഥയിലായതിനാൽ വേലിയേറ്റ സമയത്ത് താൽക്കാലിക മണൽച്ചാക്ക് നിർമ്മിച്ചാണ് ഉപ്പുവെള്ളം തടയുന്നത്. കേടായ രണ്ട് ഷട്ടറുകൾ മാറ്റി സ്ഥാപിക്കാനുള്ള പ്രവൃത്തികൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 30.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 2009-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചുവെങ്കിലും അംഗീകാരം ലഭ്യമായിട്ടില്ല.

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മെക്കാനിക്കൽ വിഭാഗത്തിൽനിന്നും എസ്റ്റിമേറ്റ് പുതുക്കിയതിനുശേഷം പണി ഏറ്റെടുക്കുന്നതാണ്. പുതിയ റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥിരമായി നിർമ്മിക്കുന്നതിന് സാധ്യതാപഠനം ആവശ്യമാണ്.

(7) <u>വാട്ടർ സെസ്സ്</u>

<u>ശ്രീ. എ. എം. യൂസഫ്</u> : പേപ്പർ മില്ലുകൾ ഉൾപ്പെടെ ചെറുകിട വ്യവസായങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡ് കുടിവെള്ളത്തിന് നിർദ്ദേശിച്ചിരിക്കുന്ന സെസ്സ് നിറുത്തിവയ്ക്കാനും പുതിയ മീറ്റർ പരിശോധിച്ച് വീടുകൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും അഡീഷണൽ ചാർജ്ജ് ഈടാക്കാൻ നിശ്ചയിച്ചിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് ആലുവ-കളമശ്ശേരി മണ്ഡലങ്ങളിലെങ്കിലും അദാലത്ത് നടത്തി പ്രശ്നം പരിഹരിക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ)</u>: കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് സെക്ഷൻ 4 പ്രകാരം 5 എച്ച്.പി.-ക്കുമുകളിൽ വരുന്ന പമ്പുപയോഗിച്ച് എടുക്കുന്ന ജലത്തിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ 2005 ഡിസംബറിൽ പ്രസിദ്ധീകരിച്ച റൂളിലെ ഖണ്ഡിക 3-ൽ വിവിധ ഉപയോഗങ്ങൾക്കെടുക്കുന്ന ഒരു കിലോ ലിറ്റർ ജലത്തിന് ഒരു രൂപ നിരക്കിൽ ഫീസ് ഈടാക്കാൻ ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. ജലസേചനത്തിനും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന ജലത്തിന് പ്രത്യേകം റേറ്റുകൾ നിഷ്ക്കർഷി ച്ചിട്ടില്ലാത്തതിനാൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി 2003-ലെ ആക്ട് ഭേദഗതി ചെയ്യുകയും ജലസേചന-വ്യാവസായിക ആവശ്യങ്ങൾക്ക്

പ്രത്യേകം നിരക്കുകൾ ഈടാക്കുന്നതിനുള്ള നിയമ ഭേദഗതി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കാലോചിതമായി റേറ്റുകൾ പുതുക്കാത്തതും കൃത്യമായി വെള്ളക്കരം പിരിക്കാത്തതും സർക്കാരിന് വമ്പിച്ച നഷ്ടമുണ്ടാക്കുന്നുവെന്ന് അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 2009-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം ജലസേചനാവശ്യത്തിന് കിലോ ലിറ്ററിന് ഒരു രൂപ നിരക്കിലും മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ജലത്തിന് കിലോ ലിറ്ററിന് രണ്ട് രൂപ നിരക്കിലും ഈടാക്കാൻ നിർദ്ദേശിച്ച് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വാട്ടർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ ആക്ട്, 1977 അനുസരിച്ച് ഒരു സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് മലിനീകരണ വിമുക്തമാക്കി സംരക്ഷിക്കുന്നതിനുള്ള വരുമാനത്തിനായി പൊല്യൂഷൻ കൺട്രോൾ ബോർഡ് ആക്ടിന്റെ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സെസ്സാണ്. ഒരു കിലോ ലിറ്ററിന് 5 പൈസ മുതൽ 30 പൈസ വരെ ഈടാക്കാവുന്നതാണ്. ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം ഈടാക്കുന്ന വാട്ടർ സെസ്സ് സംസ്ഥാനത്തിന്റെ വരുമാനമാണ്. ഇതുസംബന്ധിച്ച് പരാതികളുണ്ടെങ്കിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് അദാലത്ത് രൂപത്തിൽ പരിഹാരം കാണുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(8) <u>വടകര-മാഹി കനാൽ പണിയുടെ പൂർത്തീകരണം</u>

<u>ശ്രീ. എം. കെ. പ്രേംനാഥ്</u> : കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുൻകയ്യെടുത്ത് വടകര-മാഹി കനാലിന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ)</u>: വടകര-മാഹി കനാലിന്റെ സാദ്ധ്യതാപഠനം 1957-ൽ തുടങ്ങി മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും 17.40 കിലോമീറ്റർ നീളത്തിൽ കനാൽ നിർമ്മിക്കുന്നതിനുവേണ്ട ഭൂമി കേരള സർക്കാർ ഏറ്റെടുത്ത് പണി തുടങ്ങുകയുമുണ്ടായി. 1967-ൽ ഇന്ത്യാ ഗവൺമെന്റ് ഫണ്ട് നിർത്തലാക്കിയതിനെത്തുടർന്ന് പണികൾ സ്തംഭനാവസ്ഥയിലാണ്. 2009-ലെ നിരക്കുപ്രകാരം 165 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ അനുമതിക്കായി ലഭിക്കുകയുണ്ടായി. 2007 മുതൽ ഉൾനാടൻ ജലഗതാഗതത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ലഭിച്ചുവെങ്കിലും പദ്ധതി ഏറ്റെടുക്കാൻ ധനലഭ്യത തടസ്സമായതിനാൽ കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതാണ്.

(9) <u>പീരുമേട് ഏലപ്പാറ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി</u>

<u>ശ്രീമതി ഇ. എസ്. ബിജി മോൾ</u> : പീരുമേട് ഏലപ്പാറ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രയോജനം കൂടുതൽ പ്രദേശങ്ങൾക്ക് ലഭ്യമാക്കത്തക്കവിധത്തിൽ പൈപ്പ്ലൈൻ സ്ഥാപിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിനും കുമളി ശുദ്ധജല പദ്ധതിയുടെ വിപുലീകരണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പൂർത്തീകരണ ഘട്ടത്തിലെത്തിനിൽക്കുന്ന ഏലപ്പാറയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടി നടപ്പാക്കുന്ന ത്വരിത ഗ്രാമീണ ശുദ്ധജല വിതരണപദ്ധതിയുടെ മൊത്തം അടങ്കൽ തുകയായ 21.98 കോടി രൂപയിൽ 15.77 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിതരണശൃംഖലയ്ക്കായി പൈപ്പ് സ്ഥാപിക്കുന്നതിനുള്ള ഫണ്ട് ലഭ്യമല്ല. ഏലപ്പാറ, പീരുമേട്, വണ്ടിപ്പെരിയാർ, പെരുവന്താനം, കൊക്കയാർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള മൂന്ന് ജലവിതരണ പദ്ധതികൾക്ക് 2010 എസ്.എൽ.എസ്.എസ്.സി.-യിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഭരണാനുമതി നൽകുന്ന മുറയ്ക്ക് 5 പഞ്ചായത്തുകളിലെ മുഴുവൻ ആളുകൾക്കും കുടിവെള്ളം എത്തിക്കാൻ കഴിയുമെന്ന പ്രതീക്ഷയാണുള്ളത്. മൊത്തം അടങ്കൽ തുകയായ 12 കോടി രൂപയിൽ 10.14 കോടി രൂപ കുമളി വിപുലീകരണ പദ്ധതിക്ക് ചെലവാകുകയും ഭരണാനുമതി ലഭിച്ച തുകയ്ക്കുള്ള പണികൾ നടന്നുവരുന്നുമുണ്ട്. വിതരണ ശൃംഖല കൂടുതൽ വ്യാപിപ്പിക്കുന്നതിനായി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കേണ്ടതുണ്ട്.

(10) വ്യാവസായിക പരിശീലന കേന്ദ്രങ്ങളിലെ അധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. ബി. രാഘവൻ : സർക്കാർ അംഗീകൃത വ്യവസായിക പരിശീലന സെന്ററുകളിലെ അധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും ഗ്രാന്റ്-ഇൻ-എയ്ഡ് വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള സ്വകാര്യ വ്യാവസായിക പരിശീലന കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് ഗവൺമെന്റ് ഐ.ടി.ഐ.-കളിലെ സമാന തസ്തികയിലുള്ള ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളത്തിന്റെ മൂന്നിൽ രണ്ട് ഭാഗം നൽകണമെന്നാണ് ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗിന്റെ നിർദ്ദേശം. 2010-ൽ സ്വകാര്യ ഐ.ടി.സി.-കൾ ആരംഭിക്കുന്നതിന് അനുമതി നൽകിയ ഘട്ടത്തിൽ പ്രസ്തുത വ്യവസ്ഥ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തി എഗ്രിമെന്റ് നൽകിയിട്ടുള്ള ഐ.ടി.സി.-കളുടെ അഫിലിയേഷൻ ശുപാർശകൾ മാത്രമാണ് എൻ.സി.വി.ടി.-യുടെ പരിഗണനയ്ക്ക് അയച്ചിട്ടുള്ളത്. പുതുതായി അനുവദിക്കുന്ന ഐ.ടി.സി.-കളിൽ പ്രസ്തുത വ്യവസ്ഥ നിർബന്ധമാക്കുന്നതാണ്.

(11) ലൈബ്രറി പുസ്തകങ്ങൾ സ്വരൂപിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: കേരളത്തിൽ ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ നടത്തുന്ന പുസ്തക മേളകളിലൂടെ ധാരാളം പുസ്തകങ്ങൾ വിറ്റഴിക്കുന്നുണ്ട്. പുസ്തകങ്ങൾ വരുത്തുന്ന മേശയുടെ വലിപ്പം പത്ത് അടിയാണ്. ഇതിന് ഈടാക്കുന്ന വാടക എറണാകുളം ജില്ലയിൽ 3500 രൂപയും മറ്റ് ജില്ലകളിൽ 5000 രൂപയുമാണ്. ഗുണനിലവാരമില്ലാത്ത പുസ്തകങ്ങൾ മേളയിൽ വ്യാപകമായി എത്തുന്നുണ്ട്. പുസ്തകശാലകളിലെ നല്ല പുസ്തകങ്ങൾ മുഴുവൻ നിരത്തി വയ്ക്കാൻ കഴിയാത്തതുമൂലം ഗ്രന്ഥശാലകൾക്ക് നല്ല പുസ്തകങ്ങൾ ലഭ്യമാകാതെയും കേരളത്തിലെ പ്രധാനപ്പെട്ട പുസ്തക കടകൾക്ക് ഇത് നടത്തിക്കൊണ്ടുപോകാൻ കഴിയാതെവരികയും ചെയ്യുന്നു.

ഗുണനിലവാരമില്ലാത്ത പുസ്തകങ്ങളുടെ ആദ്യപ്രതികൾ പുസ്തകമേളയിൽ നിരത്തുന്ന പ്രവണത നിലനിൽക്കുന്നതുമൂലം നല്ല പുസ്തകങ്ങളുടെ റീ-പ്രിന്റുകൾ ഇല്ലാതാകുന്നു. ഈ സാഹചര്യം തുടർന്നാൽ വായനശാല കളിൽ മെച്ചപ്പെട്ട പുസ്തകങ്ങൾ ഇല്ലാതെയാകുകയും ഗ്രന്ഥശാലകളിൽ നിന്ന് വായനക്കാർ അകലുകയും അത് സാംസ്ക്കാരിക കേരളത്തിന് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ആയതിനാൽ സർക്കാർ ഓഡിറ്റ് ഏർപ്പെടുത്തി മേളകൾ ലാഭനഷ്ടങ്ങൾ ഇല്ലാത്ത തരത്തിൽ നടപ്പാക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും 50 ശതമാനം പുസ്തകങ്ങൾ ഇഷ്ടമുള്ളയിടത്തുനിന്ന് തെരഞ്ഞെടുത്ത് വാങ്ങാൻ ഗ്രന്ഥശാ ലകൾക്ക് ഓരോ വർഷവും രണ്ട് മാസക്കാലാവധി അനുവദിക്കുകയും ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യവകുപ്പുമന്ത്രി (ഡോ: തോമസ് ഐസക്): സാഹിത്യകാരന്മാരും ഗ്രന്ഥശാലാ പ്രവർത്തകരും സാംസ്ക്കാരിക പ്രവർത്തകരും ജില്ലാ ലൈബ്രറി കൗൺസിലും ചേർന്ന് രൂപീകരിച്ച വികസനസമിതികൾ നടത്തുന്ന പുസ്തകോത്സവവുമായി ബന്ധപ്പെട്ട് ഉന്നയിച്ച പ്രശ്നങ്ങൾ സർക്കാർ പരിശോധിക്കുന്നതാണ്. പുസ്തകങ്ങളുടെ നിലവാരവും പുസ്തകം തെരഞ്ഞെടുക്കാനുള്ള ഗ്രന്ഥശാലകളുടെ സ്വാതന്ത്ര്യവും ഉറപ്പുവരുത്തുക, പുസ്തക മേളയുടെ വരവുചെലവ് കണക്കുകൾ ഓഡിറ്റിംഗിന് വിധേയമാ ക്കുക, 50 ശതമാനം പുസ്തകം ഗ്രന്ഥശാലകൾക്ക് ഇഷ്ടാനുസരണം തെരഞ്ഞെടുക്കുന്നതിനുള്ള അനുവാദം നൽകുക തുടങ്ങിയ നിർദ്ദേശങ്ങൾ സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്. പുസ്തകോത്സവങ്ങളിൽ

പുസ്തകം എക്സിബിറ്റ് ചെയ്യുന്നതിന് കൂടുതൽ സ്ഥലസൗകര്യം ഉറപ്പ് വരുത്തുന്നതാണ്.

(12) ചേർത്തല അർത്തുങ്കൽ ഫിഷറീസ് ഹാർബറിന്റെ നിർമ്മാണം

ശ്രീ. പി. തിലോത്തമൻ: ചേർത്തലയിലെ അർത്തുങ്കൽ ഫിഷറീസ് ഹാർബറിന്റെ രണ്ടാംഘട്ട നിർമ്മാണപ്രവർത്തനം പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കണക്കിലെടുത്ത് 5 കോടി രൂപ മുതൽമുടക്കി ചേർത്തല നിയോജകമണ്ഡലത്തിലെ അർത്തുങ്കലിൽ സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി ഫിഷിംഗ് ഹാർബർ നിർമ്മാണം പൂർത്തിയാക്കിയി ട്ടുണ്ട്. ഹാർബറിന്റെ രണ്ടാംഘട്ട വികസനത്തിനായി 47.49 കോടി രൂപയുടെ രൂപരേഖ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 100 മീറ്റർ നീളത്തിലുള്ള വാർഫ്, ലേലഹാൾ എന്നിവ രണ്ടാംഘട്ടത്തിലെ പ്രധാന ഘടകങ്ങളാണ്. ഇതിന് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെയും കേന്ദ്ര കൃഷിമന്ത്രി കാര്യാലയത്തിന്റെയും അംഗീകാരം ലഭ്യമാക്കുന്നതിനുള്ള ഊർജ്ജിത നടപ ടികൾ നടന്നുവരുന്നു.

(13) കാട്ടാനശല്യം

ശ്രീ. എം.വി. ശ്രേയാംസ് കുമാർ: കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കാട്ടാന ശല്യമുള്ള പ്രദേശത്ത് ട്രെഞ്ചുകളും സൗരോർജ്ജ കമ്പികളും അടിയന്തിരമായി നിർമ്മിക്കുന്നതിനും വനംവകുപ്പ് ഉദ്യോഗസ്ഥർ, വനം സംരക്ഷണ സമിതി എന്നിവയ്ക്ക് ഇതിന്റെ സംരക്ഷണച്ചുമതല

നൽകുന്നതിനും കാട്ടാന ആക്രമണംമൂലം മരണമടഞ്ഞവരുടെ കുടുംബത്തിനും കൃഷിനാശം സംഭവിച്ചവർക്കും നഷ്ടപരിഹാരം നൽകുന്നതിനും സ്ഥിരം കാട്ടാന ആക്രമണത്തിന് വിധേയമാകുന്ന പ്രദേശത്തെ ആൾക്കാരെ മാറ്റിപാർപ്പിക്കാനും നടപടികൾ സ്വീകരിക്കണം.

വനവും ഭവന നിർമ്മാണവും വകപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പു മന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): വന്യജീവികളുടെ ആക്രമണംമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാട്ടാന ശല്യം നേരിടുന്ന പ്രദേശങ്ങളിൽ കമ്പിവേലി കെട്ടുന്നതിന് വനം വകുപ്പിൽ നിന്നും എം.എൽ.എ. ഫണ്ടിൽ നിന്നും തുക അനുവദിക്കുകയും ഭരണാനുമതി നൽകുകയും ഈ ജോലികൾ നടപ്പിലാക്കാൻ കറുകന്തോട് വനസംരക്ഷണ സമിതിയുടെ കീഴിൽ ആക്ഷൻ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർച്ചയായി മരണങ്ങളുണ്ടായ സ്ഥലങ്ങളിൽ ജനങ്ങളുടെ ഭീതി അകറ്റാനായി രാത്രികാല പട്രോളിംഗും നടത്തിവരുന്നുണ്ട്. വനം-വന്യജീവി സംരക്ഷണത്തിനും കാട്ടുതീ തടയുന്നതിനും വന്യമൃഗങ്ങൾ കൃഷിയിടങ്ങളിൽ വരുന്നത് തടയാനും പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്. വന്യജീവികളിൽ നിന്നും ജനങ്ങൾ അനുഭവിക്കുന്ന രൂക്ഷമായ ആക്രമണങ്ങളെക്കുറിച്ച് പഠനം നടത്താൻ നിയോഗിച്ച പത്തംഗ വിദഗ്ധ സമിതിയോട് രണ്ട് മാസത്തിനകം റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. വന്യജീവികളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാൻ ഭരണ-പ്രതിപക്ഷഭേദമെന്യേ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സംസ്ഥാനത്ത് കാട്ടാന ശല്യത്തിൽ ധാരാളം പേർ മരിക്കുകയും സ്ഥലങ്ങൾ കൃഷി ചെയ്യാതെ

കിടക്കുകയും ചെയ്യുന്നുണ്ട്. വന്യമൃഗങ്ങളെ സ്വകാര്യ വ്യക്തികൾ വെടിവച്ച് മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയുന്നതിനും വന്യമൃഗ ആക്രമണങ്ങളിൽ നിന്നും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും ഇതുസംബന്ധിച്ച് നിയോഗിച്ചിട്ടുള്ള സമിതിയുടെ ഇടക്കാല റിപ്പോർട്ട് വരുത്തി അടിയന്തിര നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ഇടക്കാല റിപ്പോർട്ട് വാങ്ങി നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം കൊടുക്കുന്നതാണ്.

(14) 1994-ൽ പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കാൻ നടപടി

ശ്രീ. പി. സി. ജോർജ്: കാർഷിക-അനുബന്ധ മേഖലകളിൽ തൊഴിൽ നൽകുമെന്നും 60 വയസ്സാകുമ്പോൾ 30,000 രൂപ മുതൽ 60,000 രൂപവരെ ഗ്രാറ്റുവിറ്റിയും 60 വയസ്സിനുശേഷം പ്രതിമാസം 1000 രൂപ പെൻഷനും നൽകുമെന്നുമുള്ള വാഗ്ദാനങ്ങൾ നടത്തി 1994-ൽ പ്രഖ്യാപിച്ച പദ്ധതിപ്രകാരം 1,04213 പേരുടെ പക്കൽ നിന്നും സ്വരൂപിച്ച തുക തിരിച്ചുകൊടുക്കുകയോ പദ്ധതി നടപ്പിലാക്കുകയോ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 1994-ൽ പ്രഖ്യാപിച്ച പദ്ധതി തുടർന്നുകൊണ്ടുപോകുന്നതിനെക്കുറിച്ച് പ്ലാനിംഗ് ബോർഡ് വിശദമായി പരിശോധന നടത്തുകയും 5000 രൂപവരെ ധനസഹായം സ്വീകരിച്ച് സ്വമേധയാ പിരിഞ്ഞുപോകാൻ പരമാവധി പേരെ പ്രേരിപ്പിക്കേണ്ടതും സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ മന്ത്രിസഭയുടെ അംഗീകാരത്തോടെ ഒഴിവാക്കേണ്ടതും പദ്ധതി അംഗങ്ങൾക്ക് എൽ.ഐ.സി.-യുമായി സഹകരിച്ച് ലൈഫ് ഇൻഷ്വറൻസ് കവറേജ്

നൽകുന്ന കാര്യം പരിശോധിക്കേണ്ടതും സർക്കാർ അധിക സാമ്പത്തിക ബാധ്യത ഏറ്റെടുക്കാതെ പദ്ധതിയിൽ തുടരുന്നവർക്കായി ഒരു പുതിയ പദ്ധതി ആരംഭിക്കേണ്ടതും പദ്ധതി അംഗങ്ങളെ ദേശീയ തൊഴിലുറപ്പു പദ്ധതിയിൻകീഴിലുള്ള സംരംഭങ്ങൾ ഏറ്റെടുക്കാൻ പ്രേരിപ്പിക്കേണ്ടതും അവശതാപെൻഷന് അർഹരായവർക്ക് മാസംതോറും പെൻഷൻ നൽകുന്നതിന് പകരം ഒറ്റത്തവണ 15000 രൂപ മാത്രം നൽകുന്ന കാര്യം പരിശോധിക്കേണ്ടതും പദ്ധതി അംഗങ്ങളുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ വിവരം ശേഖരിച്ച് അനർഹരായവരെ പദ്ധതിയിൽ നിന്ന് ഒഴിവാക്കേണ്ടതും പദ്ധതി നടത്തിപ്പിനായി 1994-ൽ സൃഷ്ടിച്ച 91 തസ്തികകളിലെ ജീവനക്കാരെ പുനർവിന്യസിച്ച് അവരുടെ സേവനം കേന്ദ്രാവിഷ്കൃത പദ്ധതിയുടെ നടത്തിപ്പിനായി ഉപയോഗിക്കേണ്ടതുമാണെന്നുമുള്ള നബാർഡിന്റേയും ആസൂത്രണ ബോർഡിന്റേയും ശുപാർശകളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ 45 വയസ്സ് പൂർത്തിയാകാത്ത പദ്ധതി അംഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുകയും പദ്ധതി സമഗ്രമായി പുന:സംഘടിപ്പിക്കുന്ന കാര്യം സർക്കാർ അടിയന്തിര പ്രാധാന്യത്തോടെ പരിശോധിച്ചുവരികയുമാണ്.

(15) <u>ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ</u>

<u>ശ്രീ. ബി.ഡി. ദേവസ്സി</u>: കൊരട്ടി ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): കൊരട്ടി ഗവൺമെന്റ് പോളിടെക്നിക്കിൽ ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ,

ടെക്സ്റ്റൈൽ ടെക്നോളജി, പോളിമർ ടെക്നോളജി എന്നീ ബ്രാഞ്ചുകളിലായുണ്ടായിരുന്ന 130 സീറ്റുകൾ 2010-2011 വർഷം മുതൽ 180 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആകെയുള്ള 43 ഗവൺമെന്റ് പോളിടെക്നിക്കുകളിൽ 19 എണ്ണത്തിലും 3 ബ്രാഞ്ചുകൾ വീതമാണുള്ളത്. അടിസ്ഥാന സൗകര്യവികസനവും ആവശ്യമായ ജീവനക്കാരുടെ തസ്തികയും സൃഷ്ടിച്ച് ഈ പോളിടെക്നിക്കുകളിൽ പുതിയതായി ഓരോ ബ്രാഞ്ചുകൂടി തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്.

(16) <u>രൂക്ഷമായ വരൾച്ച തടയുന്നതിനുള്ള മുൻകരുതൽ നടപടികൾ</u>

<u>ശ്രീ. എം. ഹംസ</u>: വരൾച്ചയുടെ ഫലമായി കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ ബന്ധപ്പെട്ട ജനപ്രതിനിധികളെ ഉൾപ്പെടുത്തി യോഗം വിളിച്ചുചേർത്ത് കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ):</u> സംസ്ഥാനത്തെ വരൾച്ച നേരിടുന്നതിനായി കഴിഞ്ഞ വർഷം 25 കോടി രൂപയാണ് വിതരണം ചെയ്തത്. ഈ വർഷം കടുത്ത വരൾച്ചയുണ്ടാകുമെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ ആഴ്ചതന്നെ ബന്ധപ്പെട്ടവരുടെ യോഗം വിളിക്കാൻ ജില്ലാ കളർക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതിനായി ഇപ്പോൾ 13 കോടി 48 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതാത് സ്ഥലത്തെ സ്ഥിതിഗതികൾ ബന്ധപ്പെട്ട എം.എൽ.എ.-മാർ ജില്ലാ കളക്ടറെ അറിയിക്കുന്നത് നന്നായിരിക്കും.

(17) എൻ.എച്ച്.47-ൽ മണ്ണൂത്തി-വാണിയംപാറ ഭാഗത്ത് ക്രെയിൻ ലഭ്യമാക്കാൻ നടപടി

ശ്രീ. രാജാജി മാത്യു തോമസ്: മണ്ണൂത്തി-വാണിയംപാറ എൻ.എച്ച്. റോഡിൽ അപകടങ്ങളിൽപ്പെടുന്ന വാഹനങ്ങൾ ഉയർത്തിമാറ്റുന്നതിനും മറ്റുമായി ദുരന്തനിവാരണ പദ്ധതിയിലുൾപ്പെടുത്തി ക്രെയിൻ, ഗ്യാസ് കട്ടർ തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): തൃശ്ശൂർ, കോഴിക്കോട്, കൊല്ലം, ഇടുക്കി എന്നീ ജില്ലകൾക്കായി 40 ലക്ഷം ടൺ ഭാരം വരെ ഉയർത്താൻ സാധിക്കുന്ന നാല് ക്രെയിനുകൾ വാങ്ങുന്നതിന് ഒരു കോടി എൺപത് ലക്ഷം രൂപ അനുവദിച്ചുത്തരവായിട്ടുണ്ട്. പോലീസ് ഡിപ്പാർട്ടുമെന്റ്, ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ടുമെന്റ്, കളക്ടർ, പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരുടെ സംയുക്ത നിരീക്ഷണത്തിലായിരിക്കും ഇവയുടെ പ്രവർത്തനം നടക്കുന്നത്.

(18) അഷ്ടമിച്ചിറ-മാരേക്കാട്-കുന്നത്തേരി റോഡിന്റെ പുനരുദ്ധാരണം

ശ്രീ. എ.കെ. ചന്ദ്രൻ: മാള നിയോജക മണ്ഡലത്തിലെ അഷ്ടമിച്ചിറ-മാരേക്കാട്-കുന്നത്തേരി റോഡിന്റെ പുനരുദ്ധാരണം അടിയന്തിരമായി നടത്തുന്നതിന് നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): അഷ്ടമിച്ചിറ-മാരേക്കാട്-കുന്നത്തേരി റോഡിന്റെ പുനരുദ്ധാര പ്രവർത്തനത്തിന് എ.എസ്. ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(19) അടയ്ക്കാ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർ നേരിടുന്ന ജപ്തി-ലേലനടപടികൾ നിർത്തിവയ്ക്കാനും അവരുടെ കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കാനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പത്ത് കോടി രൂപയുടെ അടയ്ക്കാ പാക്കേജിന്റെ ആദ്യഘട്ടം കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുമ്പോൾ അടയ്ക്കാ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമാകും. അടയ്ക്കാ കർഷകർക്കെതിരെ ജപ്തി-ലേല നടപടികൾ സ്വീകരിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(20) സംയുക്ത സർവ്വീസ്

ശ്രീ. എം. ഉമ്മർ: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംയുക്ത സർവ്വീസ് കൊണ്ടുവരുമ്പോൾ ജീവനക്കാരുടെ ശമ്പളസ്കെയിലുണ്ടാകുന്ന അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംയുക്ത സർവ്വീസ് വരുന്നതോടുകൂടി ജീവനക്കാർക്കിടയിൽ നിലനിൽക്കുന്ന കാറ്റഗറി പ്രശ്നങ്ങൾ ഇല്ലാതാക്കാനും ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കഴിയുന്നതാണ്. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളും മെച്ചപ്പെടുന്നതാണ്.

(21) മരണപ്പെട്ട കെ. എസ്. നികേഷിന്റെ പെൻഷൻ ആനുകൂല്യങ്ങൾ

ശ്രീ. സി. എം. ദിനേശ്മണി : സർവ്വീസിലിരിക്കെ മരണപ്പെട്ട കെ.എസ്. നികേഷിന്റെ മരണാനന്തര ആനുകൂല്യങ്ങൾ ഭാര്യ പുനർവിവാഹം ചെയ്ത

സാഹചര്യത്തിൽ മാതാവിന് നൽകാനും മരണം സംബന്ധിച്ച് അന്വേഷണം നടത്താനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കു വേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : തൃശൂർ കെ.എ.പി. ഒന്നാം നമ്പർ ബറ്റാലിയനിൽ ജോലി ചെയ്തുവന്നിരുന്ന കെ.എസ്. നികേഷ് 03-07-2001-ൽ ആത്മഹത്യ ചെയ്തതിനെത്തുടർന്ന് ഭാര്യ ജിതമോൾക്ക് പെൻഷൻ അനുവദിച്ചു. ആശ്രിതനിയമന വ്യവസ്ഥയിലെ നിലവിലുള്ള വ്യവസ്ഥപ്രകാരം മരണപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥന്റെ ഭാര്യ, ഭർത്താവ്, മകൻ, മകൾ എന്നിവരിൽ ഒരാൾക്ക് മുൻഗണനാക്രമത്തിലാണ് നിയമനം നൽകേണ്ടത്. അതുകൊണ്ട് മരണമടഞ്ഞ നികേഷിന്റെ സഹോദരന്റെ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ല. മാത്രമല്ല മരണമടഞ്ഞ ഉദ്യോഗസ്ഥന്റെ ഭാര്യയുടെ അപേക്ഷ മറ്റ് അനന്തരാവകാശികളുടെ സമ്മതംകൂടാതെതന്നെ പരിഗണിക്കാവുന്നതാണ്. ശ്രീമതി ജിതമോൾ സമർപ്പിച്ച അപേക്ഷപ്രകാരം കേരള ഹൈക്കോടതിയിൽനിന്നും ടിയാൾക്ക് അനുകൂലമായി വിധി സമ്പാദിച്ചിട്ടുള്ളതും അതനുസരിച്ച് അവരുടെ അപേക്ഷ 07-11-2002-ന് പോലീസ് ആസ്ഥാനത്തേയ്ക്ക് അയച്ചിട്ടുള്ളതും അതിനുശേഷം നടന്ന അന്വേഷണത്തിൽ ശ്രീമതി ജിതമോൾ പുനർവിവാഹം ചെയ്തതായും അതിനാൽ നികേഷിന്റെ മരണാനന്തരാനുകൂല്യങ്ങൾ തനിക്കാവശ്യമില്ലെന്ന് മൊഴി നൽകിയിട്ടുള്ളതുമാണ്. മേൽപ്പറഞ്ഞ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നിലവിലുള്ള ആശ്രിതനിയമന വ്യവസ്ഥയിലെ അപാകതകൾ തിരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് നികേഷിന്റെ മാതാവ് ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ ഹൈക്കോടതിയിൽ

നിലനിൽക്കുന്നുണ്ട്. പോലീസ് ആസ്ഥാനത്തുനിന്നും സർക്കാരിന് ലഭിച്ച കത്ത് പരിശോധിച്ചുവരികയാണ്.

(22) <u>ശ്രീ. പി.സി. വിഷ്ണുനാഥ് എം.എൽ.എ-യ്ക്ക് പരിക്കേറ്റ സംഭവം</u>

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : യൂത്ത് കോൺഗ്രസ് സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ 21-02-2011-ന് പിൻവാതിൽ നിയമനങ്ങൾക്കെതിരായി നടന്ന നിയമസഭാ മാർച്ച് യുദ്ധസ്മാരകത്തിന് മുമ്പിൽ പോലീസ് തടഞ്ഞു. യാതൊരു പ്രകോപനവുമില്ലാതെ പോലീസ് ജലപീരങ്കിയും കണ്ണീർവാതകവും പ്രയോഗിക്കുകയും ഗ്രനേഡ് പൊട്ടിക്കുകയും എന്റെ തലയ്ക്ക് അടിച്ചുവീഴ്ത്തുകയും ചെയ്തു. ഇതൊന്നും ചെയ്യേണ്ട യാതൊരു സാഹചര്യവും അവിടെ ഉണ്ടായിരുന്നില്ല. എന്നെ സ്കാനിംഗിന് വിധേയനാക്കുകയും നാൽപ്പത്തിയെട്ട് മണിക്കൂർ ഒബ്സർവേഷൻ വേണമെന്ന് ഡോക്ടർ പറയുകയും ചെയ്തു. പക്ഷേ രണ്ട് ദിവസംകൂടി സഭയുള്ളതുകൊണ്ട് ഡോക്ടർക്ക് എഴുതിക്കൊടുത്ത് ഡിസ്ചാർജ്ജ് വാങ്ങി പോരുകയാണ് ചെയ്തത്. പ്രസ്തുത സംഭവത്തെക്കുറിച്ചുള്ള അന്വേഷണം തൃപ്തികരമല്ലാത്തതിനാൽ ബന്ധപ്പെട്ട പോലീസുകാർക്കെതിരെ ബഹുമാനപ്പെട്ട സ്പീക്കർ തന്നെ അന്വേഷണം നടത്തി നടപടി എടുക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്)</u> : 21-02-2011-ന് നിയമസഭയുടെ സമീപത്ത് നടന്ന സംഘർഷത്തിൽ പി. സി. വിഷ്ണുനാഥ്, എം.എൽ.എ.-യ്ക്ക് പരിക്കേൽക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സംഭവഗതികൾ സംബന്ധിച്ച് ഒരു പുന:പരിശോധന നടത്തേണ്ടതാണ്. പ്രകടനം 12.45-ന് ഓൾഡ് വാർ മെമ്മോറിയൽ ഭാഗത്തെത്തിയപ്പോൾ തിരുവനന്തപുരം

ഡെപ്യൂട്ടി കമ്മീഷണർ ശ്രീ. ജോളി ചെറിയാൻ, കന്റോൺമെന്റ് എ. സി. ശ്രീ. കൃഷ്ണൻ നായർ എന്നിവരുടെ നേതൃത്വത്തിൽ പോലീസ് സംഘം ബാരിക്കേഡ് തീർത്ത് പ്രകടനക്കാരെ തടഞ്ഞു. ഇതൊരു പുതിയ സംഭവമല്ല, എല്ലാക്കാലത്തും അതിനപ്പുറത്തേയ്ക്ക് പ്രകടനക്കാരെ വരാൻ അനുവദിക്കാറില്ല. പ്രകടനക്കാർ അക്രമാസക്തരാകുകയും പോലീസ് ബാരിക്കേഡ് തള്ളിയിട്ട് ജാഥയുടെ പിൻഭാഗത്തുനിന്നും പോലീസുകാരെ കല്ലെറിയുകയും ചെയ്തു. സ്ഥലത്തുണ്ടായിരുന്ന എക്സിക്യൂട്ടീവ് മജിസ്ട്രേട്ട് അക്രമാസക്തരായ ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിലേയ്ക്ക് നിയമാനുസരണം ഉത്തരവ് നൽകിയിട്ടുള്ളതാണ്. പ്രകടനക്കാരെ പിരിച്ചുവിടാൻ ജലപീരങ്കി പ്രയോഗിച്ചിട്ടും പോലീസുകാരുടെ നേരെ കല്ലെറിയുകയും പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്കേൽക്കുകയും ചെയ്തതിനാൽ മൂന്ന് കണ്ണീർവാതക ഷെല്ലുകൾ പ്രയോഗിച്ചു. എം.എൽ.എ. നിന്നിരുന്ന ഭാഗത്തുനിന്ന പ്രവർത്തകർ പോലീസിനെ കയ്യേറ്റം ചെയ്തതിനെത്തുടർന്ന് പോലീസ് ലാത്തിവീശി പ്രകടനക്കാരെ പിരിച്ചുവിട്ടു. ഇതിൽ ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. ലിജു ഉൾപ്പെടെ പന്ത്രണ്ട് പേർക്ക് പരിക്ക് പറ്റി. എം.എൽ.എ. ഉൾപ്പെടെ പരിക്കേറ്റ പ്രകടനക്കാരെയും പരിക്കുപറ്റിയ പോലീസുകാരേയും വാനിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച് പ്രാഥമിക ചികിത്സ നൽകുകയുണ്ടായി. കല്ലേറിൽ പരിക്കുപറ്റിയ പോലീസുകാർ മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. എ. സി.-യുടെ മുറിവ് ഗുരുതരമാണ്. നിയമവിരുദ്ധമായി ജനക്കൂട്ടത്തിൽ ചേരുക, ഐ.ജി.-യുടെ കൃത്യനിർവ്വഹണത്തിന് തടസ്സം വരുത്തുന്ന വിധത്തിൽ ദേഹോപദ്രവമേൽപ്പിക്കുക, കുറ്റകരമായി നരഹത്യ ചെയ്യാൻ ശ്രമിക്കുക എന്നീ കുറ്റങ്ങൾപ്രകാരം ശ്രീ.പി.

സി. വിഷ്ണുനാഥ്, എം.എൽ.എ., ശ്രീ. ലിജു തുടങ്ങി **350**-ഓളം പേരെ പ്രതികളാക്കി മ്യൂസിയം സി.ഐ. വാദിയായി മ്യൂസിയം പോലീസ് കേസ് രജിസ്റ്റർ ചെയ്തു. യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെ നിയമസഭാ മാർച്ചിന് നിയമാനുസരണമുള്ള അനുവാദം തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറിൽനിന്നും വാങ്ങാത്തതിനും കേസ് എടുത്തിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സഭ നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ സഭയിലെ ഒരംഗത്തിന് പരിക്ക് പറ്റിയാൽ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഒരു എം.എൽ.എ.-യുടെ പേരിൽ വധശ്രമത്തിന് കേസ്സെടുക്കുക എന്നുള്ളത് ശരിയായ നടപടിയല്ല.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) എ.സി.-യുടെ പരിക്ക് ഗുരുതരമാണ്. അതുവച്ചുകൊണ്ടുള്ള നടപടിയായിരിക്കാം പോലീസ് സ്വീകരിച്ചത്. സർക്കാർ ഇക്കാര്യം പരിശോധിക്കാം.

മി. സ്പീക്കർ : സഭയിലെ ബഹുമാനപ്പെട്ട അംഗത്തിന് പരിക്കേറ്റ സംഭവമാണ്. അതുകൊണ്ട് വിശദമായി പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കണം.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സുനാമി പുനരധിവാസ പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റിനാൽപ്പത്തിയൊന്ന് മുതൽ നൂറ്റി എഴുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(4) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സംബന്ധിച്ച സമിതിയുടെ മുപ്പത്തി ഒൻപത് മുതൽ നാൽപ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(5) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഒൻപത് മുതൽ പതിനൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(6) ഹർജികൾ സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(7) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(8) പാമോയിൽ ഇറക്കുമതിയുമായി ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## ക്രമപ്രശ്നം

<u>നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കാത്തത് സംബന്ധിച്ച്</u>

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: പന്ത്രണ്ടാം കേരള നിയമസഭയുടെ 14, 15, 16 സമ്മേളനങ്ങളിലെ പല ചോദ്യങ്ങൾക്കും നിയമ വകുപ്പുമന്ത്രിയും

സഹകരണ വകുപ്പുമന്ത്രിയുമൊഴികെയുള്ള മന്ത്രിമാർ ഉത്തരം നൽകിയിട്ടില്ല. ഉത്തരങ്ങൾ ലഭിക്കുന്നതിൽ കാലതാമസം വരുന്നതുകൊണ്ട് സഭയുടെ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിരുന്നു. ഇത് ഭേദഗതിചെയ്ത ചട്ടങ്ങളുടെ ലംഘനമാണ്. ഈ വിഷയം സംബന്ധിച്ച് സ്പീക്കറുടെ റൂളിംഗും മുമ്പ് ഉണ്ടായിട്ടുണ്ട്. വിവരാവകാശ നിയമമനുസരിച്ച് ഒരു പൗരൻ ആവശ്യപ്പെടുന്ന വിവരം മതിയായ കാരണമില്ലാതെ മുപ്പത് ദിവസത്തിനകം ലഭ്യമാക്കുന്നില്ലെ ങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഫൈൻ ഈടാക്കാമെന്ന വ്യവസ്ഥ നിലവിലിരിക്കെ മാസങ്ങൾക്കുശേഷവും ചോദ്യങ്ങൾക്ക് മറുപടി ലഭിക്കാതി രിക്കുന്നത് ഖേദകരമാണ്. നിയമവും റൂളിംഗും അനുസരിക്കാതിരിക്കുന്ന ഈ സമീപനത്തിന് പരിഹാരമുണ്ടാകണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ): ഇത് ഉറപ്പുവരുത്തേണ്ടത് നിയമസഭയാണ്. റൂളുകൾ ഭേദഗതി ചെയ്തത് പലരും ഇപ്പോൾ ഓർക്കുന്നില്ല. നിയമസഭാ ചട്ടങ്ങളുടെ ഭേദഗതിപ്രകാരം മറുപടി നൽകാതിരിക്കുകയോ ഇടക്കാല മറുപടി നൽകുകയോ ചെയ്ത നിയമസഭാ ചോദ്യങ്ങൾക്ക് 15 ദിവസ ങ്ങൾക്കകം മറുപടി നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം ബന്ധപ്പെട്ട മന്ത്രിമാർ സ്റ്റേറ്റ്മെന്റായി മേശപ്പുറത്ത് വയ്ക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുള്ളത് ഈ സഭ മുതൽ നടപ്പാക്കണം. ഇക്കാര്യത്തിൽ പാർലമെന്ററി കാര്യ വകുപ്പ് ശക്തമായ നിർദ്ദേശം ബന്ധപ്പെട്ടവർക്കെല്ലാം ഒന്നിലധികം തവണ നൽകിയി ട്ടുണ്ട്. ഇത് ഉറപ്പുവരുത്താൻ സാധിക്കുന്നതാണ്.

## റൂളിംഗ്

<u>മി. സ്പീക്കർ</u>: ഇത് സംബന്ധിച്ച് കഴിഞ്ഞ സഭയിൽത്തന്നെ റൂളിംഗ് നൽകിയതിന്റെ ഫലമായി 15-ാം കേരള നിയമസഭയിൽ സഹകരണ വകുപ്പു മന്ത്രിയും ഭക്ഷ്യ വകുപ്പുമന്ത്രിയും പൂർണ്ണമായും ഉത്തരം നൽകുകയുണ്ടായി. 16-ാം സമ്മേളനത്തിലും ഭക്ഷ്യ വകുപ്പുമന്ത്രിയും സഹകരണ വകുപ്പു മന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും പൂർണ്ണമായും ഉത്തരങ്ങൾ നൽകിയിട്ടുണ്ട്. 17-ാം സമ്മേളനത്തിൽ സഹകരണ വകുപ്പുമന്ത്രി മാത്രമാണ് പൂർണ്ണമായും ഉത്തരങ്ങൾ നൽകിയിട്ടുള്ളത്. 15 ദിവസങ്ങൾക്കകം പൂർണ്ണമായും ഉത്തരങ്ങൾ നൽകാൻ കഴിഞ്ഞില്ലെങ്കിൽ റൂളിൽ പറയുന്നതുപോലെതന്നെ അതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് പതിനഞ്ച് ദിവസം കഴിഞ്ഞാലുടനെയോ തൊട്ടടുത്ത സമ്മേളനത്തിന്റെ ആരംഭത്തിലോ ഏതാണ് ആദ്യമെന്നാൽ ആയതുപോലെ ബന്ധപ്പെട്ട മന്ത്രി സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതുണ്ട്. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കുന്നില്ലെന്ന പരാതിയെത്തുടർന്ന് നിയമസഭാ ചട്ട പരിഷ്ക്കരണ സമിതിയുടെ ശുപാർശ പ്രകാരമാണ് പ്രസ്തുത വ്യവസ്ഥ നിയമസഭാ ചട്ടത്തിൽ ഉൾക്കൊള്ളിച്ചത്. ഈ ചട്ടത്തിലെ വ്യവസ്ഥ കർശനമായി പാലിക്കണമെന്നും ഇത് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട മന്ത്രിമാരും വകുപ്പുകളും ശ്രദ്ധിക്കേണ്ടതാണെന്നും ചെയർ 23-12-2010-ന് റൂളിംഗ് നൽകിയിരുന്നു. കൃത്യസമയത്ത് മറുപടി നൽകണമെന്നും അല്ലെങ്കിൽ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എല്ലാ മന്ത്രിമാരുടെ ഓഫീസുകളിലേയ്ക്കും കത്തുകളയച്ചിട്ടുണ്ട്. അതിനോട് പോസിറ്റീവായി പ്രതികരിച്ച മന്ത്രിമാരുണ്ട്. പന്ത്രണ്ടാം കേരള നിയമസഭയുടെ 15, 16 സമ്മേളനങ്ങളിൽ അംഗങ്ങൾ

നോട്ടീസ് നൽകിയ ചോദ്യങ്ങൾക്ക് ഇനിയും മറുപടി നൽകിയിട്ടില്ല. ആയതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട മന്ത്രിമാർ നിയമസഭാ ചട്ടം 47(2) അനുശാസിക്കുന്ന പ്രകാരം ഈ സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ബില്ലിലെ അപാകത

ശ്രീ. കെ.സി. ജോസഫ്: ഇവിടെ സമർപ്പിച്ച 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബില്ലിൽ അംഗങ്ങളുടെ പേര്, യോഗത്തിന്റെ മിനിട്ട്സ്, ഹാജരായവരുടെ വിവരം, ഡിസന്റുണ്ടെങ്കിൽ അത് എന്നിവയൊന്നുമില്ലാതെയാണ് സമർപ്പിച്ചത്. ഇത് ശരിയായ കീഴ്‌വഴക്കമല്ല.

മി. സ്പീക്കർ: ചെയർ അത് ശ്രദ്ധിക്കുന്നതും പരിശോധിക്കുന്നതുമാണ്.

## ധനകാര്യം

### വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2011-2012 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്നുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു".

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

സർവ്വശ്രീ. എ.എ. ഷുക്കൂർ, കെ.സി. ജോസഫ്, കെ. ബാബു, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജി. കാർത്തികേയൻ എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. പി.സി. വിഷ്ണുനാഥ്: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. പ്രതിപക്ഷത്തിന്റെ ആക്ഷേപങ്ങൾക്ക് തൃപ്തികരമായ വിശദീകരണം നൽകാൻ മുഖ്യമന്ത്രിക്ക് സാധിച്ചിട്ടില്ല. പിൻവാതിലിലൂടെ നിയമിച്ചവരെ സ്ഥിരപ്പെടുത്താനുള്ള ശ്രമമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രിയുടെ മകനെ അനധികൃതമായി ഗവൺമെന്റ് സ്ഥാപനത്തിൽ ഉന്നത പദവിയിൽ നിയമിച്ചതായാണ് മാധ്യമങ്ങളിൽ വാർത്ത വന്നിരിക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത നിരവധി ഉദ്യോഗാർത്ഥികൾ ഉള്ളപ്പോഴാണ് പിൻവാതിൽ നിയമനങ്ങൾ നടത്തുന്നത്. നിയമനകാര്യങ്ങളിൽ ഹൈക്കോടതി വിധിയുടെ ലംഘനമാണ് നടക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ നിയമനം നടത്താവൂ എന്ന് ഹൈക്കോടതി ഇന്ററിം ഓർഡർ പുറപ്പെടുവിച്ചിട്ടും കൺസ്യൂമർ ഫെഡിൽ അനധികൃത നിയമനം നടത്തുകയും കേപ്പിൽ 350 പേരെ സ്ഥിരപ്പെടുത്താൻ പോകുകയുമാണ്. ഐ.എച്ച്.ആർ.ഡി.-യിൽ ഡോക്ടറേറ്റില്ലാത്ത ആളെ അഡീഷണൽ ഡയറക്ടറായി നിയമിച്ചതിനെക്കുറിച്ച് അന്വേഷിക്കണം. വ്യവസായ വകുപ്പിൽ നടത്തിയ അനധികൃത നിയമനങ്ങളെക്കുറിച്ച് ഉചിതമായ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണം. ധനകാര്യ വകുപ്പിന്റെ സംയുക്ത പരിശോധനയ്ക്ക് ഉത്തരവിട്ടിട്ടുള്ള

സി-ഡിറ്റിൽ നിയമന പ്രായപരിധി കഴിഞ്ഞവർക്ക് നിയമനം നൽകുകയും അവരെ സ്ഥിരപ്പെടുത്താനുള്ള നീക്കവുമാണ് ഇപ്പോൾ നടക്കുന്നത്.

ശ്രീ. എം. എം. മോനായി: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ഐക്യജനാധിപത്യ മുന്നണി ഐക്യവും ജനാധിപത്യവും നഷ്ടപ്പെട്ട അവസ്ഥയിലേയ്ക്ക് മാറിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് അഴിമതിയുടെ കൂട്ടുകെട്ടായി മാറിയിരിക്കുന്നു. ഈ ഗവണ്മെന്റിനെ അപകീർത്തിപ്പെടുത്തുന്ന നടപടികളാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. അഴിമതിക്കാർക്കെതിരെ നടപടിയെടുക്കുന്ന ഗവണ്മെന്റാണിത്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ദുർവ്യയവും ധൂർത്തും നടത്തുന്ന സർക്കാരാണ് സംസ്ഥാനം ഭരിക്കുന്നത്. പരസ്യം കൊടുക്കാനും എഗ്രിമെന്റ് വയ്ക്കാത്ത പണികൾ ഉദ്ഘാടനം ചെയ്യാനും നടക്കുന്നത് ഖേദകരമാണ്. അനധികൃത വിദേശയാത്ര നടത്തുന്നവർക്കും അഴിമതി നടത്തുന്നവർക്കുമെതിരെ നടപടിയെടുക്കുന്ന സർക്കാർ സ്വന്തം മുന്നണിയിൽ നടക്കുന്ന അഴിമതികളും വിദേശയാത്രകളും കണ്ടില്ലെന്ന് നടിക്കുകയാണ്. ഖജനാവിലെ പണം ധൂർത്തടിക്കുകയും ദുരുപയോഗം നടത്തുകയും ചെയ്യുന്ന സർക്കാരിന് വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കാൻ യാതൊരവകാശവുമില്ല. നിയമവ്യവസ്ഥകളെ വെല്ലുവിളിക്കുന്ന ഈ സർക്കാർ നീതി നടപ്പാക്കുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ്.

ശ്രീ. രാജാജി മാത്യു തോമസ് : വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. കഴിഞ്ഞ കാലങ്ങളിൽ നടത്തിയ ജനോപകാരപ്രദമായ വികസന പ്രവർത്തനങ്ങളുടെ തുടർച്ചയ്ക്കുവേണ്ടിയാണ് വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിച്ചിരിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ക്രിയാത്മകമായ ഒട്ടനവധി പദ്ധതികൾ നടപ്പാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു.

വൻകിട കുത്തക കമ്പനികൾക്ക് മൊത്തവ്യാപാരത്തിന്റെയും ചില്ലറ വ്യാപാരത്തിന്റെയും മുഴുവൻ നിയന്ത്രണവും കൈമാറുകയും കോടിക്കണക്കിന് രൂപയുടെ നികുതി ഇളവുകൾ അനുവദിക്കുകയും ചെയ്ത് കരിഞ്ചന്തയും പൂഴ്ത്തിവയ്പും പ്രോത്സാഹിപ്പിക്കുന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാനത്തെ ജനങ്ങളെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നിയമനിർമ്മാണ പ്രക്രിയയ്ക്ക് വിഘാതം സൃഷ്ടിക്കുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കഴിഞ്ഞ സാമ്പത്തികവർഷം സഭ പാസ്സാക്കിയ പണംപോലും ചെലവഴിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. അഴിമതിയിൽ മുങ്ങിത്താഴുന്ന സർക്കാരാണിത്. വ്യാജ ലോട്ടറി മാഫിയകൾക്ക് കൂട്ടുനിൽക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചത്. നിലവിലുള്ള നിയമവ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് പ്രതിരോധ വകുപ്പിന്റെ എതിർപ്പിനെ അവഗണിച്ച് ആറന്മുള എയർപോർട്ടിനുവേണ്ടി 500 ഏക്കർ സ്ഥലം ഏകജാലക സംവിധാനത്തിലൂടെ ഏറ്റെടുക്കാൻ ഉത്തരവിട്ടിരിക്കുന്നതിന്റെ അടിസ്ഥാനം വ്യക്തമാക്കണം. നടപടിക്രമങ്ങൾ ലംഘിച്ച് സ്വകാര്യ വ്യക്തികളിൽനിന്ന് ഭൂമി ഏറ്റെടുക്കുന്നതിനുപിന്നിൽ പ്രവർത്തിക്കുന്ന ശക്തികളെക്കുറിച്ച് അന്വേഷണം നടത്തണം. മുഖ്യമന്ത്രിയുടെ മകൻ ചന്ദനഫാക്ടറി ഉടമകളിൽനിന്ന് കൈക്കൂലി വാങ്ങിയതിനെക്കുറിച്ചും ഓൺലൈൻ ലോട്ടറി മാഫിയകളുമായി നടത്തുന്ന ബന്ധത്തെ സംബന്ധിച്ചും അന്വേഷണം നടത്തണം.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. മുഖ്യമന്ത്രിക്കെതിരെ ദുരാരോപണങ്ങൾ ഉന്നയിക്കുന്ന പ്രതിപക്ഷത്തിന്റെ സമീപനം അപഹാസ്യമാണ്.

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ക്രമപ്രശ്നം ഉന്നയിക്കാൻ അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നടുത്തളത്തിലിറങ്ങി ബഹളം വയ്ക്കുകയും ബഹുമാനപ്പെട്ട സ്പീക്കറുടെ അഭ്യർത്ഥനയെത്തുടർന്ന് അവരവരുടെ സീറ്റുകളിലേയ്ക്ക് തിരിച്ചുപോകുകയും ചെയ്തു.)

അഴിമതിക്കേസുകളിലുൾപ്പെട്ട നേതാക്കളെ സംരക്ഷിക്കുന്ന സമീപനമാണ് യു.ഡി.എഫ്. ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. 2 ജി സ്പെക്ട്രം, എസ്-ബാൻഡ്, ആദർശ് ഫ്ളാറ്റ് എന്നീ അഴിമതിക്കേസുകളിലെല്ലാം കേന്ദ്രത്തിലെ കോൺഗ്രസ്സ് നേതാക്കൾ പങ്കാളികളാണ്. ദുർബല ജനവിഭാഗത്തിന്റെ ക്ഷേമത്തിനായി പ്രവർത്തിച്ച സർക്കാരാണിത്. ഈ സർക്കാരിനെതിരെ തികച്ചും അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്.

<u>ശ്രീ. മാത്യു. ടി. തോമസ്</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ഇടമലയാർ, പാമോലിൻ, ചന്ദനകേസ് മുതലായവയിലൊക്കെ യുക്തമായ നടപടികൾ സ്വീകരിച്ച മുഖ്യമന്ത്രിക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. 2 ജി സ്പെക്ട്രം, എസ്-ബാൻഡ്, ആദർശ് ഫ്ളാറ്റ്, കോമൺവെൽത്ത് ഗെയിംസ് തുടങ്ങിയ അഴിമതിക്കേസുകളിലൊക്കെ കേന്ദ്രത്തിലെ കോൺഗ്രസ്സ് നേതാക്കളുടെ പങ്ക് വ്യക്തമായിക്കഴിഞ്ഞു. ഏറ്റവുംകൂടുതൽ ക്ഷേമ പദ്ധതികളും വികസന

പ്രവർത്തനങ്ങളും നടത്തിയ സർക്കാരാണിത്. എല്ലാ നിയോജകമണ്ഡല ങ്ങളേയും ഒരുപോലെ കണ്ട് ക്ഷേമപദ്ധതികൾക്കും വികസന പ്രവർത്തന ങ്ങൾക്കും ആവശ്യത്തിന് പണം നൽകുകയും പുതിയ വികസന പ്രവർത്തന ങ്ങൾ ഏറ്റെടുക്കാൻ പ്രോത്സാഹനം നൽകുകയും ചെയ്യുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചത്. സാധാരണക്കാരുടെമേൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കാതെ പരമാവധി ആനുകൂല്യങ്ങൾ അനുവദിക്കുകയും ക്ഷേമ പെൻഷനുകൾക്കുള്ള തുക 400 രൂപയാക്കി വർദ്ധിപ്പിക്കുകയും കുടിശ്ശികയി ല്ലാതെ അവ കൊടുത്തുതീർക്കുകയും ചെയ്തു.

<u>ശ്രീ. എം. ജെ ജേക്കബ്</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലി ക്കുന്നു. സമസ്ത മേഖലകളിലും വികസന പ്രവർത്തനങ്ങൾ നടത്തിയ സർക്കാരാണിത്. ക്ഷേമപെൻഷൻ നിരക്ക് വർദ്ധിപ്പിക്കാനും കുടിശ്ശിക കൊടുത്തുതീർക്കാനും കഴിഞ്ഞിട്ടുണ്ട്. വിലക്കയറ്റം തടയുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയാണ്. പെൻഷനും മറ്റാനുകൂല്യങ്ങളും അർഹരായവർക്കെല്ലാം ലഭ്യമാക്കാൻ ശ്രദ്ധിക്കണം. ഒ.ഡി.ആർ.-എം.ഡി.ആർ. വ്യത്യാസമില്ലാതെ റോഡ് വികസനത്തിനായി ബഡ്ജറ്റിൽ തുക നീക്കിവച്ചത് ശ്ലാഘനീയമാണ്. സംസ്ഥാനത്ത് മെച്ചപ്പെട്ട ധനകാര്യമാനേജ്മെന്റാണുണ്ടായിരുന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പൊതുവിതരണ സമ്പ്രദായം ഫലപ്രദമായി നടപ്പാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. മുടങ്ങിക്കിടന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നബാർഡ് സഹായത്തോടെ സ്പാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

ജനോപകാരപ്രദമായ പദ്ധതികളുമായി മുന്നോട്ടുപോകുന്ന ഈ സർക്കാരിനെ എക്കാലവും ജനങ്ങൾ പിന്തുണയ്ക്കും.

ശ്രീ. എം. കെ. പ്രേംനാഥ് വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. നിയമസഭയിൽ നിയമസഭാംഗങ്ങളുടേയും പൊതുപ്രവർത്തകരുടേയും അന്തസ്സ് വർദ്ധിപ്പിക്കുന്ന തരത്തിലുളള ചർച്ചകളും നടപടികളും ഉണ്ടാകണം. കേരളത്തിൽ രാഷ്ട്രീയ സംഘട്ടനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഗുണ്ടാവിളയാട്ടം അവസാനിപ്പിക്കാൻ സാധിച്ചിട്ടില്ല. മലബാർ മേഖലയിൽ കാര്യമായ വികസനപ്രവർത്തനങ്ങൾ നടന്നിട്ടില്ല. വടകരയിൽ നാളികേരാധിഷ്ഠിത പാർക്കിനും മൂരാട് പാലത്തിന്റെ പുനർനിർമ്മാണത്തിനും കഴിഞ്ഞ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. റോഡ് വികസനത്തിന് തുക അനുവദിച്ചത് ശ്ലാഘനീയമാണ്. ഗ്രാമീണ റോഡുകൾ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് ഭരണാധികാരികൾ ഗൗരവമായി ചിന്തിക്കണം. വിലക്കയറ്റത്തിന്റെ അടിസ്ഥാന ഘടകവും സമ്പദ്വ്യവസ്ഥയെ തകർക്കുന്നതുമായ കള്ളപ്പണത്തിന്റെ ഉറവിടം കണ്ടെത്തി അതില്ലാതാക്കാൻ കക്ഷി-രാഷ്ട്രീയ ഭേദമെന്യേ ഒറ്റക്കെട്ടായി പ്രവർത്തിക്കണം. പൊതുവിദ്യാഭ്യാസ മേഖല അഭിവൃദ്ധിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ശ്രീ. മുരളി പെരുനെല്ലി: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, കാർഷികം തുടങ്ങി സമസ്ത മേഖലകളേയും തകർത്ത ജനവിരുദ്ധ നയമായിരുന്നു യു.ഡി.എഫ്. ഭരണകാലത്ത് നിലനിന്നിരുന്നതെങ്കിൽ അതിൽ നിന്നും തികച്ചും വ്യത്യസ്തമായി ഭൗതിക പശ്ചാത്തലമുൾപ്പെടെ അടിസ്ഥാന വികസനത്തിലൂന്നി സമ്പദ്ഘടന ഭദ്രമാക്കിക്കൊണ്ട് പാവപ്പെട്ട ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെ

ടുന്ന ഭരണമാണ് എൽ.ഡി.എഫ്. സർക്കാർ കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ സാധിച്ചു. വർഗ്ഗീയ സംഘർഷങ്ങൾ ഇല്ലാതാക്കി. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചു. മികച്ച ധനവിനിയോഗത്തിലൂടെ സർക്കാർ ചെലവുകൾക്കാനുപാതികമായി മൂലധനച്ചെലവ് വർദ്ധിപ്പിച്ചു. സാമൂഹ്യ സുരക്ഷാ പദ്ധതി, ക്ഷേമ പെൻഷനുകൾ, ഭക്ഷ്യ സബ്സിഡി തുടങ്ങി പ്രധാനപ്പെട്ട മേഖലകളിൽ ശരാശരി വാർഷികച്ചെലവുകൾ വർദ്ധിപ്പിച്ചുകൊണ്ട് ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ച് സമസ്ത മേഖലകളിലും നേട്ടങ്ങൾ കൈവരിച്ച് മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു.

ശ്രീ. അൽഫോൺസ് കണ്ണന്താനം : വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. 25 ലക്ഷം വീടുകളിൽ വൈദ്യുതി എത്തിച്ചും ആറ് ലക്ഷം വീടുകൾ പണിതും കഴിഞ്ഞ അഞ്ചുവർഷത്തോളം അമ്പതിനായിരം കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ നടത്തി സാധാരണക്കാരന്റെ സർക്കാരാണെന്ന് ഈ ഗവണ്മെന്റ് തെളിയിച്ചിരിക്കുകയാണ്. സാധാരണക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അത് പരിഹരിക്കുന്നതിനുള്ള നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ ചുരുങ്ങിയകാലംകൊണ്ട് 300 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താനും അവിടത്തെ മിനി സിവിൽ സ്റ്റേഷന്റെ പണി 427 ദിവസംകൊണ്ട് പൂർത്തിയാക്കാനും കഴിഞ്ഞുവെന്നത് നേട്ടം തന്നെയാണ്. എം. എൽ. എ. ഫണ്ട് ഫലപ്രദമായി ചെലവഴിക്കാൻ കഴിഞ്ഞു. രാഷ്ട്രീയക്കാർ നാടിന്റെ ഉന്നമനത്തിനുവേണ്ടി ഇച്ഛാശക്തിയോടെ പ്രവർത്തി

ക്കുന്നതാണെന്ന് തെളിയിക്കാൻ കഴിഞ്ഞു. ഓരോ എം.എൽ.എ.-യ്ക്കും സ്വന്തം നിയോജകമണ്ഡലത്തിൽ വികസനപ്രവർത്തനങ്ങൾ നടത്തി ജനങ്ങളുടെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. എം. കെ. പുരുഷോത്തമൻ : വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും വികസനവും ജനക്ഷേമരംഗത്ത് അഭിമാനകരമായ നേട്ടങ്ങളും കൈവരിക്കാൻ ഈ സർക്കാരിന് സാധിച്ചു. വ്യാവസായിക-കാർഷിക രംഗങ്ങളിൽ വമ്പിച്ച പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. കഴിഞ്ഞ അഞ്ചുവർഷം അഴിമതിയില്ലാത്ത സംശുദ്ധമായ ഭരണമാണ് കാഴ്ചവച്ചത്. യു. ഡി. എഫ്. ഗവൺമെന്റിന്റെ ഭരണം തകർത്ത കേരളത്തിന്റെ സമ്പദ്ഘടനയെ ഈ ഗവണ്മെന്റ് മെച്ചപ്പെടുത്തി. അടുത്ത തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിനെത്തന്നെ അധികാരത്തിൽ കൊണ്ടുവരും എന്നതിൽ തർക്കമില്ല. മുഖ്യമന്ത്രിയെ ഒറ്റപ്പെടുത്താനുള്ള പ്രതിപക്ഷത്തിന്റെ ശ്രമം വിജയിക്കില്ല. സംസ്ഥാനത്ത് നടത്തേണ്ട വികസന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനുള്ള താല്പര്യം കുറഞ്ഞുവരുന്നു. ജയിലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി. വികസനപ്രവർത്തനങ്ങളിൽ താല്പര്യം കാണിച്ച ഗവണ്മെന്റാണിത്.

ശ്രീ. എം. എ. വാഹീദ്: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കെടുകാര്യസ്ഥതയുടേയും പിടിപ്പുകേടിന്റേയും കഴിവുകേടിന്റേയും അഞ്ച് വർഷമാണ് കടന്നുപോയത്. പൊള്ളയായ വാഗ്ദാനങ്ങൾ നൽകിക്കൊണ്ട് പുകമറ സൃഷ്ടിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ തെറ്റുകുറ്റങ്ങൾ കണ്ടുപിടിക്കാനാണ് ഈ ഗവൺമെന്റ് നാലേമുക്കാൽ വർഷവും ചെലവഴിച്ചത്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം നിരവധി വികസനപ്രവർത്തനങ്ങൾ നടത്തിയ ഈ ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. പവർ കട്ട് പൂർണ്ണമായും ഒഴിവാക്കാൻ സാധിച്ചു. സബ്സിഡി നിരക്കിൽ നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്തതിനാൽ വിലക്കയറ്റം നിയന്ത്രിക്കാൻ കഴിഞ്ഞു. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും റേഷൻകടകളിലൂടെ രണ്ട് രൂപയ്ക്ക് അരി നൽകി. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ അർഹതപ്പെട്ടവർക്ക് എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. പാവപ്പെട്ട തൊഴിലാളികളുടെ പി.എഫ്. പലിശനിരക്കുവരെ വെട്ടിക്കുറച്ച ഗവൺമെന്റാണ് കേന്ദ്രം ഭരിക്കുന്നത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നിയോജകമണ്ഡലങ്ങളിൽ വികസനപ്രവർത്തനങ്ങൾ നടത്തിയ ഗവണ്മെന്റാണിത്.

<u>ശ്രീമതി ഇ. എസ്. ബിജി മോൾ</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. മന്ത്രിമാർ ഉദ്ഘാടനം നടത്തുന്നതിൽ അസൂയപ്പെടുന്ന പ്രതിപക്ഷം കഴിഞ്ഞ സർക്കാരിന്റെ കാലത്തെ മന്ത്രിമാരെക്കുറിച്ച് വിലയിരുത്തുന്നത് നന്നായിരിക്കും. രാഷ്ട്രീയഭേദമെന്യേ സ്ത്രീകൾക്ക് സംരക്ഷണം നൽകണം. ജനാധിപത്യത്തിന് തുടർച്ച ഉണ്ടാകണമെങ്കിൽ മാതൃകാപരവും മികച്ചതുമായ രാഷ്ട്രീയ പ്രവർത്തനം നടത്തണം. ശാരിയുടെ മകളെ സർക്കാർ ദത്തെടുത്ത് സംരക്ഷിക്കണം. ജനപ്രതിനിധികൾക്ക് മൂല്യച്യുതി ഉണ്ടാകാതെ ശ്രദ്ധിക്കണം. സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾ പൊതുവിഷയമായി കണ്ടുകൊണ്ട്

പരിഹാരമുണ്ടാക്കണം. സമ്പന്നരെ കൂടുതൽ സമ്പന്നരാക്കുന്ന കേന്ദ്ര നയത്തിൽ നിന്നും വ്യത്യസ്തമായി പാവപ്പെട്ടവരെ സംരക്ഷിക്കാൻ സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പാക്കുന്ന നയസമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ ബഹുരാഷ്ട്ര കുത്തകകൾക്കും കോർപ്പറേറ്റുകൾക്കും സഹായങ്ങളും സൗജന്യങ്ങളും പ്രഖ്യാപിക്കുകയും നാല് ലക്ഷം കോടിയിലധികം രൂപ അതിനായി വിനിയോഗിക്കുകയും ചെയ്തത് വരുന്ന തെരഞ്ഞെടുപ്പിൽ ജനങ്ങൾ വിലയിരുത്തുമെന്ന കാര്യത്തിൽ സംശയമില്ല. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി വിലക്കയറ്റം നിയന്ത്രിച്ചു. വീട്, വൈദ്യുതി, ഭക്ഷണം, കുടിവെള്ളം എന്നിവ രാജ്യത്ത് എല്ലാവർക്കും ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കണം.

<u>ശ്രീ. സാജു പോൾ</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കഴിഞ്ഞ ആറ് ബഡ്ജറ്റുകളിലും ദീർഘകാലത്തേയ്ക്കുള്ള ജനക്ഷേമകരമായ കർമ്മപദ്ധതികളും ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രവർത്തന പരിപാടികളും ഉൾക്കൊണ്ടിട്ടുണ്ട്. കേരള വാർഷിക പദ്ധതിയെ 10025 കോടി രൂപയിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞത് ഏറ്റവുംവലിയ മാറ്റമാണ്. കർഷകത്തൊഴിലാളി പെൻഷൻ നാലിരട്ടിയായി വർദ്ധിച്ചു. സംസ്ഥാനത്ത് കേന്ദ്ര സർവ്വകലാശാലയടക്കം നാല് പുതിയ സർവ്വകലാശാലകൾ സ്ഥാപിച്ചു. രണ്ട് രൂപയ്ക്ക് അരി വിതരണം ചെയ്യുന്നതും കുടിശ്ശികയില്ലാതെ ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതും ജനോപകാരപ്രദമാണ്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ സർവ്വകലാശാല, എൽ.എൻ.ജി., സ്മാർട്ട് സിറ്റി, സമ്പൂർണ്ണ വൈദ്യുതീകരണം, ഇ.എം.എസ്. ഭവന നിർമ്മാണം, എം.എൻ. ലക്ഷംവീട്

നവീകരണം തുടങ്ങിയ പദ്ധതികളും ശമ്പള പരിഷ്ക്കരണവും സംസ്ഥാന ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തി ലാക്കി. നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാനും പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാനും കഴിഞ്ഞു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. അഴിമതി ഭരണമാണ് സംസ്ഥാനത്ത് നടക്കുന്നത്. കിളിരൂർ കേസിലെ പെൺകുട്ടിയുടെ മകൾക്ക് കേസ്സിലുൾപ്പെട്ടവരിൽനിന്ന് നഷ്ടപരി ഹാരം നൽകുന്നതിനുപകരം കേരളത്തിന്റെ പൊതുഖജനാവിൽനിന്ന് പണം നൽകുന്നത് അനീതിയാണ്. കണ്ണൂർ പവർ പ്രോജക്ടുമായി ബന്ധപ്പെട്ട അഴി മതിയാരോപണം ഉന്നയിച്ചിരിക്കുന്നത് എൽ.ഡി.എഫ്. ഭരണകാലത്ത് സയൻസ് ആന്റ് ടെക്നോളജിയുടെ ചെയർമാനായിരുന്ന ആളാണ്. ഓൺലൈൻ ലോട്ടറി കച്ചവടത്തിനായി രജിസ്റ്റർ ചെയ്തിരിക്കുന്ന ചെറി എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡ് മെമ്പറായി പ്രവർത്തിക്കുന്നത് മുഖ്യമന്ത്രിയുടെ ബന്ധുവാണ്. അതുസംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറാകണം.പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കുന്ന സർക്കാരിന്റെ സമീപനം അവസാനിപ്പിക്കണം. 25 കോടി രൂപ മതിപ്പുവില വരുന്ന ആലപ്പുഴ ജില്ലയിലെ വൈറ്റമിൻ എ പ്ലാന്റ് 4 കോടി രൂപയ്ക്ക് മുംബൈയിലുള്ള കമ്പനിക്ക് കച്ചവടം നടത്താനുള്ള നീക്കം ഉപേക്ഷിക്കണം. നാട്ടകം പോർട്ടിന് കേന്ദ്ര പദ്ധതിയായ ASIDE-ൽപ്പെടുത്തി 740 ലക്ഷം രൂപ ധനസഹായം ലഭിച്ചതിനാൽ സംസ്ഥാന ഗവൺമെന്റിന് യാതൊരുവിധ ചെലവും വരുന്നില്ല.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): വരുന്ന രണ്ട് മാസങ്ങൾക്കുള്ളിൽ സംസ്ഥാനത്തെ എല്ലാ പി.ഡബ്ല്യ്യു.ഡി. റോഡുകളുടേയും സ്ഥിതി മെച്ചപ്പെടുത്തുന്നതാണ്. എട്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ പണി ഒരു വർഷംകൊണ്ട് പൂർത്തിയാക്കിയിട്ടുണ്ട്. 156 കോടി രൂപ ചെലവഴിച്ച ചമ്രവട്ടം പദ്ധതി മാർച്ച് 6-ാം തീയതി ഉദ്ഘാടനം ചെയ്യും. പാമോലിൻ കേസിനെ സംബന്ധിച്ച നിർണ്ണായക ഫയൽ സഭയിൽ ഇതുവരെ സമർപ്പിക്കാതിരുന്നതിനുള്ള കാരണം പ്രതിപക്ഷം വ്യക്തമാക്കണം. അന്നത്തെ ഗവൺമെന്റ് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റിന്റെ ഫയലിൽ ഫിനാൻസിന്റെ കണ്ടെത്തൽ എഴുതാൻ സമയം കൊടുത്തില്ലെന്നുമാത്രമല്ല ക്യാബിനറ്റിൽ സമർപ്പിക്കുന്നതിനുമുമ്പ് ഫിനാൻസ് ഡിപ്പാർട്ട്മെന്റിനെ കാണിക്കുകയുമുണ്ടായില്ല. ഉത്തരവ് ഇറക്കുന്നതിനുമുമ്പ് യഥാർത്ഥ വില നിശ്ചയിക്കാതെ എസ്.ടി.സി.-യുടെ നിലവിലില്ലാത്ത ഇൻഡിക്കേറ്റീവ് പ്രൈസ് വച്ച് കരാർ ഒപ്പിടുകയും കമ്മീഷൻ 15 ശതമാനത്തിൽത്തന്നെ നിലനിർത്തുകയും കരാറിലില്ലാത്ത ഹാൻഡ്ലിംഗ് ചാർജസ് നൽകുന്നതിന് മാലാ ഇൻഡസ്ട്രീസിന് 40 ലക്ഷം രൂപ കൊടുത്തുവെന്നുമുള്ള കാര്യങ്ങളാണ് ഫിനാൻസ് ഡിപ്പാർട്ട്മെന്റ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. പ്രസ്തുത ഫയലിൽ നിന്നും മനസ്സിലാകുന്നത് ഇൻഡ്യാ ഗവൺമെന്റിന്റെ ഗൈഡ് ലൈൻ തെറ്റിച്ചുകൊണ്ട് പാമോലിൻ ഇറക്കുമതിക്ക് അനുവാദം നൽകിയതു വഴി സംസ്ഥാന ഖജനാവിന് ഭീമമായ നഷ്ടം ഉണ്ടായിരിക്കുന്നുവെന്നാണ്. ഇക്കാര്യം അന്വേഷണം നടത്തി തീരുമാനിക്കുന്നതാണ്. സ്വാധീനത്തിന് വഴങ്ങി മുഖ്യമന്ത്രി ചന്ദനഫാക്ടറികൾക്കെതിരായ സമരം ഉപേക്ഷിച്ചുവെന്ന പ്രതിപക്ഷത്തിന്റെ ആരോപണം അടിസ്ഥാനരഹിതമാണ്. വനം വകുപ്പിന്റെ

സർവ്വേപ്രകാരം ചന്ദനമരങ്ങളുടെ മോഷണം യു.ഡി.എഫ്. സർക്കാരിന്റെ കാലത്തേക്കാൾ ഇപ്പോൾ കുറവാണ്. സംസ്ഥാനത്ത് ചന്ദന ഫാക്ടറികൾ പൂട്ടണമെന്ന മുഖ്യമന്ത്രിയുടെ നിലപാടിന് ഇപ്പോഴും മാറ്റമില്ല. കേരളത്തിൽ പൊതുമേഖലയിൽ മാത്രമേ ചന്ദനഫാക്ടറികൾ പാടുള്ളൂവെന്നത് സംബന്ധിച്ച് ഈ സർക്കാർ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. ചന്ദന മരമോഷണം കർശനമായി തടയാൻ ഈ സർക്കാരിന് സാധിച്ചു. യു.ഡി.എഫ്. ഭരണകാലത്ത് കെൽ, ബാംബൂ കോർപ്പറേഷൻ, മലബാർ സിമന്റ്സ്, ട്രാവൻകൂർ ടൈറ്റാനിയം തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ ക്രമവിരുദ്ധമായിട്ടാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്. സുതാര്യമായ നടപടിക്രമങ്ങളിലൂടെയാണ് എൽ.ഡി.എഫ്. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നത്. യു.ഡി.എഫ്. ഭരണകാലത്ത് നഷ്ടത്തിലായിരുന്ന കെ.എസ്.ഡി.പി.പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞു. വൈറ്റമിൻ എ പ്ലാന്റ് ലാഭകരമായി നടത്താൻ പറ്റില്ല എന്ന നിഗമനത്തിൽ അത് സ്ക്രാപ് ചെയ്യും. ചമ്രവട്ടം പദ്ധതിയുടെ റെഗുലേറ്ററിന്റെ രണ്ട് സൈഡിലുമുള്ള പ്രൊട്ടക്ഷൻ വാൾ അഡീഷണൽ വർക്കായി കരാർ കൊടുത്ത തീയതിയിൽത്തന്നെയുള്ള റേറ്റിലും എസ്റ്റിമേറ്റിലും ചെയ്യാൻ പോകുകയാണ്. ലോട്ടറി കേസ് സി.ബി.ഐ. അന്വേഷിക്കണമെന്നാണ് സംസ്ഥാന ഗവണ്മെന്റ് ആവശ്യപ്പെടുന്നത്. സർക്കാർ ഇതുസംബന്ധിച്ച് ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ എൻ.ഐ.എ.-യോ, സി.ബി.ഐ.-യെകൊണ്ട് അന്വേഷണം നടത്തണം. 2004 മുതൽ ഇന്നുവരെ ഇതുസംബന്ധിച്ചുള്ള കത്തുകളും മെമ്മോറാണ്ടങ്ങളും കേന്ദ്ര ഗവൺമെന്റിന് കൊടുത്തിട്ടുണ്ട്. പ്രതിസ്ഥാനത്ത് കേന്ദ്ര

ഗവൺമെന്റായതുകൊണ്ട് അന്വേഷണം നടത്താൻ കേന്ദ്ര ഗവൺമെന്റിന് താൽപ്പര്യമുണ്ടാകില്ല എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. കേന്ദ്രത്തിന്റെ ഒത്താശ യോടെ 2004 മുതൽ 15 ലക്ഷം കോടി രൂപയുടെ ലോട്ടറി ടിക്കറ്റാണ് വിറ്റിരി ക്കുന്നത്. ഇതിനെതിരായി സി. ആന്റ് എ. ജി. റിപ്പോർട്ടുണ്ട്. മൂന്നുനാല് മാസ ത്തിനിടയിലുണ്ടായ മൂന്ന് കോടതിവിധികളിലും പറഞ്ഞിരിക്കുന്നത് ലോട്ടറി റെഗുലേറ്റ് ചെയ്യാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിനാണെന്നാണ്. സംസ്ഥാനത്തിന് നികുതി പിരിക്കാനുള്ള അവകാശം മാത്രമാണുള്ളത്. കോടതി വിധി ഇങ്ങനെയൊക്കെയാണെങ്കിലും ഏതെല്ലാം രീതിയിൽ തടയാൻ പറ്റുമോ അതിനാവശ്യമായ നടപടി സംസ്ഥാന സർക്കാർ സ്വീകരി ക്കും. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്ക്കരിച്ചു).

ഭേദഗതികൾ നിരാകരിച്ചു.

വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## വ്യക്തിപരമായ വിശദീകരണം

പിന്നോക്കപട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : ഈ സഭയിൽ 18-02-2011-ന് അവതരിപ്പിച്ച അടിയന്തിര പ്രമേയ ചർച്ചയിൽ തിരുവനന്തപുരം ലാ കോളേജിലെ വിദ്യാർത്ഥിനി ഇരുചക്ര വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ 24-01-2011-ന് രാത്രി എട്ടേകാൽ മണിയോടെ ഇതേ കോളേജിലെ മൂന്നും അഞ്ചുംവർഷ വിദ്യാർത്ഥികളായ രതീഷ് ചന്ദ്രൻ, സജി സ്റ്റീഫൻ, ശ്രീരാജ് എന്നിവർ

ചേർന്ന് തടഞ്ഞുവച്ച് ദേഹോപദ്രവം ഏൽപ്പിച്ചുവെന്നും വിദ്യാർത്ഥിനിയുടെ പരാതി ഉണ്ടായിട്ടും തക്കസമയത്ത് കേസ് രജിസ്റ്റർ ചെയ്ത് കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവന്നില്ലെന്നും പറഞ്ഞു. ഗവൺമെന്റ് ലാ കോളേജിൽ പഠിക്കുന്ന എന്റെ മകൻ നിഖിലിന്റെ പേര് ബോധപൂർവ്വം വലിച്ചിഴയ്ക്കാൻ പ്രമേയാവതരണത്തിൽത്തന്നെ ശ്രമം നടത്തിയിരുന്നുവെങ്കിലും നിഖിലിന്റെ പേരിൽ വിദ്യാർത്ഥിനിക്ക് യാതൊരു പരാതിയുമില്ല, പ്രതിയായി മകന്റെ പേര് പറഞ്ഞിട്ടുമില്ല. അടിയന്തിരപ്രമേയത്തിന് ആഭ്യന്തവകുപ്പുമന്ത്രി മറുപടി പറയുമ്പോൾ മന്ത്രിപുത്രന്റെ പേരിൽ ഒരു പരാതിയും അന്യായക്കാരി നൽകിയിട്ടില്ലെന്ന് വ്യക്തമാക്കുകയും ചെയ്തു. എന്നാൽ ശ്രീ. പി. സി. വിഷ്ണുനാഥ് എന്റെ മകന്റെ പേര് പരാമർശിച്ചത് എനിക്ക് മാനസികപ്രയാസത്തിനിടയാക്കി. ഇത് സംബന്ധിച്ച് ഞാൻ നേരിട്ട് പ്രതിപക്ഷ നേതാവിനേയും ശ്രീ. പി.സി. വിഷ്ണുനാഥിനേയും കണ്ട് സംസാരിച്ചപ്പോൾ എന്റെ മകൻ നിഖിൽ പ്രതിയല്ല എന്ന് അവർ സമ്മതിക്കുകയും ചെയ്തു. ഇതിനുശേഷം പി.സി. വിഷ്ണുനാഥ് നടത്തിയ പത്രസമ്മേളനത്തിൽ എന്റെ മകന്റെ നേതൃത്വത്തിലാണ് ആക്രമണം നടത്തിയതെന്ന ദു:സൂചന വരികയും അന്നുവൈകുന്നേരം ദൃശ്യമാധ്യമങ്ങളിലും തൊട്ടടുത്ത ദിവസം പത്രങ്ങളിലും ഇതുമായി ബന്ധപ്പെട്ട് എന്നെയും കുടുംബത്തേയും അപമാനിക്കുന്ന തരത്തിൽ വാർത്ത വരികയും ചെയ്തത് എനിക്കും കുടുംബാംഗങ്ങൾക്കും വലിയ മാനസികവിഷമത്തിനിടയാക്കി. പ്രസ്തുത സംഭവത്തിൽ എന്റെ മകന്റെ പേരില്ലാതിരിക്കെ ഈ സംഭവത്തെ അപ്രസക്തമാക്കി എട്ട് മാസംമുമ്പ് കോളേജിൽ നടന്ന സംഭവം ഇപ്പോൾ സജീവമാക്കുകയാണ്. 22-07-2010-ൽ കോളേജിൽ നടന്ന സംഭവത്തിൽ ഇതേ

പരാതിക്കാരി വനിതാ കമ്മീഷനും കോളേജ് അധികാരികൾക്കും തന്റെ സഹപാഠിയായ ജുഗ്നുവിനെതിരായി പരാതി നൽകി. ജുഗ്നുവും പെൺകുട്ടി ക്കെതിരായി പരാതി കൊടുത്തിരുന്നു. വനിതാ കമ്മീഷന് കിട്ടിയ പരാതി കമ്മീഷൻ കോളേജധികാരികൾക്ക് നൽകുകയും കോളേജ് പ്രിൻസിപ്പൽ ഇത് അന്വേഷിക്കാൻ മൂന്നംഗ അന്വേഷണ കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. കമ്മിറ്റിയുടെ മുമ്പാകെ പെൺകുട്ടിയും ജുഗ്നുവും നൽകിയ പരാതി അവർ പിൻവലിച്ചു. കമ്മീഷൻ റിപ്പോർട്ട് നൽകുകയും ചെയ്തു. വനിതാ കമ്മീഷൻ ഇതേത്തുടർന്ന് നടപടി അവസാനിപ്പിച്ചുവെന്ന് ചെയർപേഴ്സൺ ജസ്റ്റിസ് ഡി. ശ്രീദേവി വ്യക്തമാക്കിയിട്ടുണ്ട്. പരാതിക്കാരി തന്റെ കൈപ്പട യിൽ നൽകിയ കത്തുമുഖേനയാണ് പരാതി പിൻവലിച്ചതായി അറിയിച്ചത്. ഇതിന് സാക്ഷിയേയും ചേർത്തിരുന്നു. പൂർണ്ണായും 8 മാസംമുമ്പ് പരിഹരിച്ച പ്രശ്നമാണ് ഇപ്പോൾ സജീവമാക്കി എന്റെ മകനെതിരായി ആരോപണം കൊണ്ടുവന്നിട്ടുള്ളത്. 21-02-2011-ന് ഉപധനാഭ്യർത്ഥന ചർച്ചാവേളയിൽ ശ്രീ. പി. സി. ജോർജ് എന്റെ മകൻ ഈ വിഷയത്തിൽ ബന്ധപ്പെട്ടിട്ടില്ലെന്നും പ്രതിയല്ലെന്നും മകന്റെ പേര് അനാവശ്യമായി സഭയിൽ വലിച്ചിഴയ്ക്കപ്പെട്ടത് ശരിയായില്ലെന്നും വ്യക്തമാക്കി. സഭാംഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള പ്രിവി ലേജ് മറ്റംഗങ്ങളേയോ കുടുംബങ്ങളേയോ തകർക്കുന്നതോ ദുരുപയോഗം ചെയ്യുന്നതോ ആശാസ്യമല്ല. അത് സഭ പാലിച്ചുപോരുന്ന കീഴ്വഴക്ക ങ്ങൾക്കെതിരാണ്. പെൺകുട്ടികളെ അപമാനിക്കുന്നവർക്കെതിരെ എത്ര ഉന്ന തരായാലും ശക്തമായ നടപടി എടുക്കണമെന്നുതന്നെയാണ് എന്റെ അഭിപ്രായം.

സഭ വൈകുന്നേരം 4.15-ന് പിരിഞ്ഞു.